H 48
K 13

പിതാവിൻ പക്കലേയ്ക്കു്

2

# നമ്മിൽ ജീവിക്കുന്ന ഈശോ



# നമ്മിൽ ജീവിക്കുന്ന ഈശോ

രണ്ടാം ക്ലാസ്സ്

DHARMARAM COLLEGE LIBRARY, BANGALORE.
37012
H48
K13

P. O. C. Publications No. 5

പിതാവിൻപക്കലേയ്ക്കു്—II

# നമ്മിൽ ജീവിക്കുന്ന ഈശോ

രണ്ടാം ക്ലാസ്സ്

TEXT BOOK COMMITTEE

Mrs. Annie Thayil B. A., B. L.
Mgr. Emmanuel Lopez
Fr. G. C. Teelar
Fr. John Kunnappally
Fr. John Vallamattom, L. D., Ph. D.
Fr. Joseph Kannath, (Diploma - Lumen Vitae)
Mr. Kurian Vempeni, B. O. L.
Fr. Mathai Malencharuvil
Fr. Mathew Nadakkal
Sadhu Ittiavirah
Fr. Sebastian Thuruthel, M. A.
Miss Thressiakutty, (Diploma - Munich)
Fr. Varghese Pazhemadom, B. A., D. D.
Fr. Xavier Cherupallikkatt, M. A.

P. O. C. Publications No. 5

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| | മാതാപിതാക്കന്മാരോട് | i |
| 1. | പിതാവിങ്കലേയ്ക്കു് | 1 |
| 2. | എന്നെ സ്നേഹിക്കുന്ന ദൈവം | 3 |
| 3. | ദൈവത്തിൻെറ വ്യക്തിമാഹാത്മ്യം | 5 |
| 4. | മക്കളുടെ ദൗർഭാഗ്യം | 8 |
| 5. | ദൈവികജീവനും ദൈവസ്നേഹവും | 11 |
| 6. | സ്വർഗ്ഗീയപിതാവിൻെറ ഇഷ്ടം | 14 |
| 7. | പിതാവിനിഷ്ടമില്ലാത്തവ | 17 |
| 8. | ഞാൻ എൻെറ പിതാവിൻെറ മുമ്പിൽ | 19 |
| 9. | പിതാവേ, ക്ഷമിക്കണമേ! | 21 |
| 10. | പിതാവിൻെറ പ്രിയപുത്രൻ | 23 |
| 11. | പിതാവിനെ അനുസരിക്കുന്ന പുത്രൻ | 26 |
| 12. | ഇവൻ എൻെറ പ്രിയപുത്രനാകുന്നു | 28 |
| 13. | തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ | 31 |
| 14. | പാപം മോചിക്കുന്ന ഈശോ | 34 |
| 15. | എൻെറ പിഴ | 37 |
| 16. | നിൻെറ മകനെന്നു വിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല | 39 |
| 17. | എന്നെത്തേടി | 42 |
| 18. | ജീവൻെറ അപ്പം | 44 |
| 19. | ദിവ്യബലി | 47 |
| 20. | ഞാനും അവസാനം ഉയിർക്കും | 49 |
| 21. | എൻെറ കർത്താവേ, എൻെറ ദൈവമേ! | 51 |
| 22. | നമ്മുടെ കുർബാന: A സീറോമലബാർറീത്തിൽ | 54 |
| | B ലത്തീൻ റീത്തിൽ | 58 |
| | C മലങ്കരറീത്തിൽ | 66 |
| 23. | ഞാൻ നിങ്ങൾക്കു സ്ഥലമൊരുക്കുവാൻ പോകുന്നു | 73 |
| 24. | ഭൂമിയിൽ ദൈവത്തിൻെറ ജനം | 75 |
| 25. | എൻെറ സൗഭാഗ്യം ദൈവത്തിൽ | 78 |
| | ഏതാനും പ്രാർത്ഥനകൾ | 80 |

| | |
|---|---|
| Nihil Obstat | Very Rev. Fr. Dominic, O. C. D., and<br>Rev. Fr. John Kunnappally |
| Imprimatur | Dr. Joseph Attipetty, Abp. of Verapoly<br>Dr. Benedict Mar Gregorios,<br>Abp. of Trivandrum<br>Dr. Joseph Parecattil, Abp. of Ernakulam<br>Dr. Mathew Kavukatt, Abp. of Changanacherry |
| Date | May 1, 1969 |
| Published | by Pastoral Orientation Centre, Kerala - India |


| | |
|---|---|
| Copyright | (c) 1969 Pastoral Orientation Centre,<br>Kerala - India<br>All Rights Reserved. No part of this book may be reproduced in any form without permission, in writing, from the publisher. |


| | |
|---|---|
| Printed | by The Orient Litho Press, Sivakasi |

“പിതാവിൻപക്കലേയ്ക്കു്”

# Catechetical Text Book Series for All Kerala

**Sponsored by**

| Diocese | Bishop | Diocesan Catechism Director |
|---|---|---|
| 1) Verapoly | Most Rev. Dr. Joseph Attipetty | Mgr. E. Lopez |
| 2) Trivandrum | Most Rev. Dr. Benedict Mar Gregorios | Fr. Mathai Malencharuvil |
| 3) Ernakulam | Most Rev. Dr. Joseph Parecattil | Fr. Joseph Kottakkal |
| 4) Changanacherry | Most Rev. Dr. Mathew Kavukatt | Fr. Mathew Nadakal |
| 5) Quilon | Rt. Rev. Dr. Jerome Fernandez | Fr. Alphonse Thundil |
| 6) Trichur | Rt. Rev. Dr. George Alappatt | Fr. Antony Anthikatt |
| 7) Kottayam | Rt. Rev. Dr. Thomas Tharayil<br>Rt. Rev. Dr. K. Kunnacherry | Fr. Kuriakose Mialil |
| 8) Calicut | Rt. Rev. Dr. Aldo Maria Patroni, S. J. | Fr. J. Pulikodan S. J. |
| 9) Vijayapuram | Rt. Rev. Dr. Ambrose Abasolo, O. C. D. | Fr. Antony Vazhappilly |
| 10) Palai | Rt Rev. Dr. Sebastian Vayalil | Fr. Thomas Purayidom |
| 11) Cochin | Rt. Rev. Dr. Alexander Edezhath | Fr. J. Kalapura-ckal |
| 12) Alleppey | Rt. Rev. Dr. Michael Arattukulam | Mgr. Reynolds Purackal |
| 13) Tiruvalla | Rt. Rev. Dr. Zacharias Mar Athanasios | Fr. Alex Payyampalli |
| 14) Trivandrum | Rt. Rev. Dr. Peter B. Pereira | Fr. Augustine Xavier |
| 15) Tellicherry | Rt. Rev. Dr. Sebastian Valloppilly | Fr. George Valiamattam |
| 16) Kothamangalam | Rt. Rev. Dr. Mathew Pothanamuzhi | Fr. John Vallamattom |

## പ്രിയ മാതാപിതാക്കന്മാരേ,

"മക്കളെ വിദ്യാഭ്യാസം ചെയ്യിക്കുക, വിശിഷ്യ, അവക്കു മത ബോധനം നല്കുക എന്നതു് മാതാപിതാക്കൾ തങ്ങളിൽ പ്രത്യേക മായി ദൈവത്താൽ നിക്ഷേപിക്കപ്പെട്ട ഒരു ചുമതലയായി പരിഗ ണിച്ചു് സർവ്വാത്മനാ നിർവ്വഹിക്കേണ്ടതാണു്." (II വത്തിക്കാൻ, സഭ ആധുനികലോകത്തിൽ—48)

നിങ്ങളുടെ കുട്ടിയുടെ മതപഠനം അവൻെറ ജനനത്തോടുകൂടെ ത്തന്നെ ആരംഭിച്ചുകഴിഞ്ഞു. അന്നുമുതൽ നിങ്ങളുടെ മതവിശ്വാസം അവൻ ഉൾക്കൊള്ളുകയാണു്. നിങ്ങളുടെ വാക്കുകൾ എന്നതിനെ ക്കാൾ മാതൃകാപരമായ ജീവിതം അവൻെറ വ്യക്തിത്വത്തെ അനു നിമിഷം രൂപപ്പെടുത്തിക്കൊണ്ടിരിക്കുന്നു.

നിങ്ങളുടെ കുട്ടിയുടെ മതാഭ്യസനം വ്യവസ്ഥിതമായ മാർഗ്ഗത്തി ലൂടെ നയിക്കുന്നതിലും നിങ്ങൾക്കുതന്നെയായിരിക്കണം പ്രാമുഖ്യം. മതാദ്ധ്യാപകന്മാരും മതബോധനഗ്രന്ഥങ്ങളും നിങ്ങളെ സഹായി ക്കാൻവേണ്ടി മാത്രമാണു്. ഗ്രന്ഥങ്ങൾ മതബോധനക്ലാസ്സുകളിൽ നിങ്ങളുടെ കുട്ടിക്കു് ഉപകരിക്കണമെങ്കിൽ, നിങ്ങളുടെ പൂർണ്ണസഹക രണം അത്യന്താപേക്ഷിതമത്രേ. നിങ്ങൾ അദ്ധ്യാപകനുമായി ബന്ധം പുലർത്തുന്നതു കുട്ടിയുടെ ആദ്ധ്യാത്മികപുരോഗതിയെ സഹായിക്കും. ഈ പുസ്തകത്തിലെ ഓരോപാഠവും നിങ്ങൾ വായിച്ചാൽ, അതു നിങ്ങ ളുടെ കുട്ടിയെ മതപഠനത്തിനു് ഒരുക്കുന്നതിനും, അവൻ ക്ലാസ്സിൽ പഠി ച്ച പാഠം ഓർപ്പിക്കുന്നതിനും, അതിലെ സന്ദേശത്തിൻെറ അർത്ഥവും അ തിനു ജീവിതവുമായുള്ള ബന്ധവും വിശദമാക്കുന്നതിനും, ദൈവവച നം സ്വീകരിക്കുവാൻ അവനെ സന്നദ്ധനാക്കുന്നതിനും സഹായിക്കും.

നിങ്ങളുടെ കുട്ടിയുടെ മതാഭ്യസനം ദൃഢതരമാക്കുന്നതിനു നിങ്ങൾ വ്യയംചെയ്യുന്ന സമയം നിങ്ങൾക്കുതന്നെയും ഫലദായകമായിരിക്കും. നിങ്ങളുടെ കുട്ടിയെ നിത്യജീവിതത്തിൻെറ ഉറവുകളിലേക്കു നയിക്കു ന്നതുകൊണ്ടു് ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കുമെന്ന തിൽ സംശയമില്ല.

"നമ്മിൽ ജീവിക്കുന്ന ഈശോ" എന്ന പുസ്തകം നിങ്ങളുടെ കുട്ടിക്കു് പരിശുദ്ധകുർബ്ബാനയെപ്പററി കൂടുതൽ വിശദമായ അറിവു്

ലഭിക്കണമെന്നുദ്ദേശിച്ച് തയ്യാറാക്കിയിട്ടുള്ളതാണ്. അവൻെറ മനസ്സാക്ഷി രൂപീകരിക്കുവാനും, ദൈവത്തോടും മനുഷ്യരോടുമുള്ള ബന്ധത്തെപ്പററി ഒരു അവബോധം കൈവരാക്കാനും ഈ പുസ്തകം അവന് ഉതകും.

ഈ ഗ്രന്ഥം എങ്ങനെ ആസൂത്രണം ചെയ്യപ്പെട്ടിരിക്കുന്നു? ഓരോ പാഠവും രണ്ടു വകുപ്പുകളായി വിഭജിച്ചിട്ടുക്കുന്നതിനു 'അദ്ധ്യാപകസഹായി' ഉപകരിക്കും. ഇരുപത്തിയഞ്ചു പാഠങ്ങൾ ഇതിലുണ്ട്. ആഴ്ചയിൽ രണ്ടുപ്രാവശ്യം കൂടുന്ന ക്ലാസ്സുകളിൽ ഈ രണ്ടു വകുപ്പുകളും അവതരിപ്പിക്കപ്പെടും. ആഴ്ചയിൽ ഒരു പ്രാവശ്യംമാത്രം കൂടുന്ന ക്ലാസ്സുകളിൽ 40 മിനിട്ടുവീതമുള്ള രണ്ടു പീരിയഡുകളായി ക്ലാസ്സിനെ തിരിച്ച് രണ്ടു വകുപ്പുകളും എടുക്കുവാൻ അദ്ധ്യാപകനു കഴിഞ്ഞേക്കാം. ആഴ്ചയിലെ ഒരു ക്ലാസ്സിൽ ഒരു വകുപ്പുമാത്രം എടുക്കുന്നസ്ഥലങ്ങളിൽ അദ്ധ്യാപകൻ മർമ്മപ്രധാനമായ പാഠം, ആ വകുപ്പുകളിൽ നിന്നു തിരഞ്ഞെടുത്തു നല്കണം.

നിങ്ങളുടെ കുട്ടി ആഴ്ചയിൽ ഒരു വകുപ്പുമാത്രമേ മതപഠനക്ലാസ്സിൽ പഠിക്കുന്നുള്ളുവെങ്കിൽ അവനു നഷ്ടപ്പെടുന്ന ഭാഗങ്ങൾ അവനും നിങ്ങളുംകൂടി ഒന്നിച്ചിരുന്ന് പഠിക്കേണ്ടതാണ്. അങ്ങനെ ചെയ്യുമ്പോൾ അവൻെറ മതബോധത്തിനു് ആഴവും വ്യാപ്തിയും കൈവരും. ഈ ഉദ്ദേശം സാധിക്കുന്നതിനു്, 'അദ്ധ്യാപകസഹായി'യുടെ ഒരു പ്രതി കൈവശം വയ്ക്കുന്നതു നന്നായിരിക്കും.

പാഠങ്ങൾ എങ്ങനെ അവതരിപ്പിക്കുന്നു? ഓരോ പാഠത്തിനും മൂന്നു പ്രധാന ഭാഗങ്ങളുണ്ട്:— (1) തയ്യാറെടുപ്പ്: ഒരു പ്രത്യേകാനുഭവത്തെ അടിസ്ഥാനപ്പെടുത്തിയുള്ള മതബോധനം ഭൂരിപക്ഷം പാഠങ്ങളിലും കൊടുത്തിരിക്കും. (2) സന്ദേശം: ദൈവവചനമോ താത്വികമായ ഏതെങ്കിലും പ്രസ്താവനയോ ആയിരിക്കും പാഠത്തിൻെറ കാതൽ. കാലക്രമത്തിൽ നിങ്ങളുടെ സഹായത്തോടുകൂടെ നിങ്ങളുടെ കുട്ടിക്ക് അതിലെ സന്ദേശം വായിച്ചു മനസ്സിലാക്കാൻ സാധിക്കണം. (3) സന്ദേശസ്വീകരണം – പ്രതികരണം. ദൈവത്തിൻെറ പ്രത്യേക സന്ദേശത്തെ നിങ്ങളുടെ കുട്ടി എങ്ങനെ സ്വീകരിക്കുന്നു? ഇതു് ഒരു പ്രാർത്ഥനയോ ഗാനമോ പ്രവൃത്തിയോ ആയി പ്രകാശിപ്പിക്കപ്പെടാം.

ഓരോ പ്രകാശനത്തിനും സവിശേഷപ്രാധാന്യം നല്കണം. ചോദ്യോത്തരങ്ങൾ പുസ്തകത്തിൽ ഇടക്കിടെ ചേർത്തിട്ടുണ്ടായിരിക്കും. അവ പ്രത്യേകശ്രദ്ധ അർഹിക്കുന്നെങ്കിലും മനഃപാഠമാക്കണമെന്നില്ല. മനഃപാഠമാക്കുക എന്നതിനെക്കാൾ കൂടുതൽ ആവശ്യകം നന്നായി ഗ്രഹിക്കുക എന്നതാണ്.

## നിങ്ങൾക്ക് കുട്ടിയെ മതാഭ്യസനത്തിൽ എങ്ങനെ സഹായിക്കാം ?

മതാഭ്യസനം എന്നതു വളരെ സാവകാശം സാധിക്കേണ്ടതാണ്. ഏഴു വയസ്സുമാത്രം പ്രായമുള്ള ഒരു കുട്ടി വളരെവേഗം ക്ഷീണിക്കുന്നു. അവൻ സന്തുഷ്ടനും ഉന്മേഷവാനും ആയിരിക്കുമ്പോൾ മാത്രമേ നല്ലതുപോലെ പഠിക്കുകയുള്ളു. അവന്റെ പരിശ്രമങ്ങളെ പ്രശംസിച്ചുകൊണ്ടു്, അവനെ സഹായിക്കാൻ തങ്ങൾ സന്നദ്ധരാണെന്നു കാണിച്ചുകൊണ്ടു്, കുട്ടിയുടെ താത്പര്യത്തെ പ്രചോദിപ്പിക്കണം. പഠിക്കാൻ മനസ്സില്ലാത്തപ്പോൾ അവനെ അതിനു നിർബ്ബന്ധിക്കരുതു്. ദയയും ശാന്തതയും പ്രദർശിപ്പിച്ച് അവനെ ഉൽസുകനാക്കണം. ആഴ്ചയിൽ കുറച്ചുസമയം നിങ്ങളും നിങ്ങളുടെ കുട്ടിയുമൊന്നിച്ച്, ദൈവത്തെപ്പററി പഠിക്കുന്നതിൽ സന്തോഷം കണ്ടെത്താൻ ശ്രമിക്കണം. അവന്റെ ഓരോ ജീവിതാനുഭവത്തോടും ദൈവത്തെ ബന്ധപ്പെടുത്താനുള്ള അവസരം നഷ്ടപ്പെടുത്താതെ സൂക്ഷിക്കണം.

## ചില നിർദ്ദേശങ്ങൾ :

നിങ്ങളുടെ കുട്ടിയുടെ ജ്ഞാനവും ഗ്രഹണശക്തിയും അഗാധമാക്കുന്നതിനു് ഈ പുസ്തകം ഉപയോഗിക്കുക. ഇതിൽ അടങ്ങിയിരിക്കുന്ന ഉപമയെ വിശദീകരിക്കുവാനും ഗുണപാഠമെന്തെന്നു് കണ്ടുപിടിച്ചു പറയുവാനും നിങ്ങൾ അവനോടു് ആവശ്യപ്പെടുക. അതുൾക്കൊള്ളുന്ന സന്ദേശം അവനോടൊന്നിച്ച് വായിക്കുക. വേദപുസ്തകത്തിൽനിന്നാണ് ഈ മൊഴികൾ എന്നു് അവനെ ഗ്രഹിപ്പിക്കുവാൻ ശ്രമിക്കുക. ഓരോ പാഠത്തിലും നിർദ്ദേശിച്ചിരിക്കുന്ന വേദഭാഗങ്ങൾ അവനെ വായിച്ചുകേൾപ്പിക്കുക. അവ മുൻകൂട്ടി തയ്യാർചെയ്യുക. വിഷമംപിടിച്ച ഭാഗങ്ങൾ ലഘൂകരിക്കാൻ ചില പദങ്ങൾ ഉപേക്ഷിക്കുകയോ മററു പദങ്ങൾ ഉപയോഗിക്കുകയോചെയ്യുക. വായനക്കുശേഷം കുട്ടി വിശുദ്ധഗ്രന്ഥം ചുംബിക്കട്ടെ. അവൻ വേദഭാഗങ്ങൾ ഗ്രഹിച്ചോ എന്നറിയാൻ ചില ചെറിയ ചോദ്യ

ങ്ങൾ ചോദിക്കുക. ഓരോ പാഠത്തിലും നിർദ്ദേശിച്ചിരിക്കുന്ന ചോദ്യങ്ങൾ ഉപയോഗിക്കുക.

## തുടർച്ചയായ പ്രവർത്തനങ്ങൾവഴി ദൈവവചനം ചെലുത്തുന്ന സ്വാധീനം

നിങ്ങളുടെ കുട്ടി ആഴ്ചയിൽ ഒരിക്കൽമാത്രമേ മതപഠനക്ലാസ്സിൽ സംബന്ധിക്കുന്നുള്ളുവെങ്കിൽ അവനു് ശേഷിച്ചിരിക്കുന്ന ക്ലാസ്സുജോലി ചെയ്തുതീർക്കാൻ നിങ്ങൾ സഹായിക്കണം. അവൻ പഠിച്ച വിഷയങ്ങളോടുള്ള അവന്റെ പ്രതികരണം മനസ്സിലാക്കുവാൻ മതഗ്രന്ഥത്തെ ആസ്പദമാക്കിയുള്ള ചിത്രം വരയ്ക്കാനോ, ഏതെങ്കിലും സൽപ്രവൃത്തി ചെയ്‌വാനോ അവനോട്ടു് ആവശ്യപ്പെടുക. സഹോദരനോടോ സഹോദരിയോടോ ചങ്ങാതിയോടോ കൂടെ പഠനക്കളരി അഭിനയിക്കുന്നതിനു അവനെ അനുവദിക്കുക. ക്ലാസ്സിൽ കേട്ട കഥകൾ അഭിനയിക്കുന്നതിനും, പാട്ടുകൾ പാടുന്നതിനും അവനെ പ്രോത്സാഹിപ്പിക്കുക. അവൻ പഠിച്ച ഗുണപാഠങ്ങൾ ജീവിതവുമായി ബന്ധമുള്ളവയാണെന്നു് ധരിപ്പിക്കുക.

## കുട്ടിയെ പ്രാർത്ഥനയിൽ നയിക്കുക

ഒരു കുട്ടിക്കും പ്രാർത്ഥനയിൽ തഴക്കം നേടുവാൻ സ്വയം സാധിക്കയില്ല. നല്ല വിശ്വാസചൈതന്യമുള്ള മുതിർന്നവരുടെ സഹായവും മാതൃകയും ഇക്കാര്യത്തിൽ അവനു് ആവശ്യമാണു്, പ്രത്യേകിച്ചും അവന്റെ മാതാപിതാക്കന്മാരുടെ. അനുദിനപ്രാർത്ഥന കുടുംബാംഗങ്ങളോടൊന്നിച്ച നടത്തുവാൻ ശ്രമിക്കുക. ചെറുതും, അതേസമയം അർത്ഥസമ്പുഷ്ടവുമായ പ്രാർത്ഥനകൾ തിരഞ്ഞെടുക്കുക. 'നന്മനിറഞ്ഞ മറിയം', 'പ്രഭാതസമർപ്പണം' എന്നീ പ്രാർത്ഥനകളുടെ അർത്ഥം വേണ്ടവിധം കുട്ടിയെ മനസ്സിലാക്കിയതിനുശേഷം അവയെ പ്രതിദിന പ്രാർത്ഥനകളായി സ്വീകരിക്കുക.


"പിതാവിൻപക്കലേയ്ക്കു്" എന്ന പൊതുശീർഷകത്തിൽ "പാസ്റ്ററൽ ഓറിയെന്റേഷൻ സെന്റർ" പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥപരമ്പര On Our Way Series എന്ന പ്രശസ്ത വേദപാഠപുസ്തകങ്ങളുടെ അനുകരണമാണു്. ഈ പരമ്പരയിലെ രണ്ടാം പുസ്തകമത്രേ "നമ്മിൽ ജീവിക്കുന്ന ഈശോ."

കേരളത്തിലെ മൂന്നു റീത്തുകളിലുമുള്ള അഭിവന്ദ്യപിതാക്കന്മാരുടെ പ്രോത്സാഹനവും വിദഗ്ദ്ധരായ പലരുടെ പ്രയത്നവും ഫലമണിഞ്ഞതാണു് ഈ പുതിയ മതതത്വബോധിനികൾ. പാകപ്പിഴകളും പോരായ്മകളും ഇവയിൽ വന്നിരിക്കാം. ഏവയെന്നു ചൂണ്ടിക്കാട്ടിയാൽ പിന്നാലെ അവ പ്രയോജനപ്പെടുത്താം. സാമാന്യം തൃപ്തികരമെന്നു് ആശിക്കാവുന്ന ഈ പുസ്തകങ്ങൾ നമ്മേയും നമ്മുടെ കുട്ടികളേയും ക്രിസ്തുവിലൂടെയും പരിശുദ്ധാത്മാവിലൂടെയും പിതാവിൻപക്കലേയ്ക്കു് നയിക്കുമാറാകട്ടെ.

കമ്മിററിക്കുവേണ്ടി,

പി. ഒ. സി.

19 - 3 - 1969 ഫാദർ ജോസഫ് കണ്ണത്തു്





# 1

## പിതാവിങ്കലേക്ക്

ദൈവത്തിനു ശരീരമില്ല. അതിനാൽ, ഞാൻ ദൈവത്തെ കാണുന്നില്ല. ഞാൻ എവിടെ ആയിരുന്നാലും ദൈവം എന്നെ കാണുന്നു. ദൈവം എല്ലാം അറിയുന്നു. നമുക്കെല്ലാവർക്കും ജനനമുണ്ട്; ആരംഭവുമുണ്ട്. എന്നാൽ, ദൈവത്തിനു ജനനവുമില്ല, ആരംഭവുമില്ല. ദൈവം നിത്യനാകുന്നു.

കാഴ്ചയ്ക്ക് എത്ര വലുതാണു സമുദ്രം! അതുപോലെ തന്നെ ആകാശവും. കണ്ടാൽ അവസാനമില്ലെന്നു

തോന്നും. ഇവയെ സൃഷ്ടിച്ച ദൈവം എത്രയോ വലിയവൻ! ഞാൻ എത്രയോ ചെറിയവൻ! എന്നിട്ടും ദൈവം എന്നെ കാണുന്നു; മററാരു സ്നേഹിക്കുന്നതിലും ഏറെ എന്നെ സ്നേഹിക്കുന്നു. എന്നെ കാത്തു പരിപാലിക്കുന്നു. എൻെറ നല്ല പിതാവായ ദൈവത്തെ ഞാൻ സ്നേഹിക്കണം.


## ഓർമ്മിക്കാൻ

1. ദൈവം ആരാകുന്നു?
2. എന്തുകൊണ്ടു ദൈവത്തെ നാം കാണുന്നില്ല?
3. ദൈവത്തിന് ആരംഭമോ അവസാനമോ ഉണ്ടോ?

## പ്രവർത്തിക്കാൻ

ദൈവം എന്നെ എപ്പോഴും കാണുകയും സ്നേഹിക്കുകയും ചെയ്യുന്നുണ്ടെന്നു ഞാൻ വിചാരിക്കും.

നിരവധിയായ ദാനങ്ങൾക്കു ദൈവത്തോടു ഞാൻ നന്ദിപറയും.





## 2

# എന്നെ സ്നേഹിക്കുന്ന ദൈവം

സൂര്യനെ നോക്കൂ: എന്തു വെളിച്ചം! എന്തു ചൂടു്! എന്തു പ്രതാപം! സൂര്യനു വെളിച്ചവും ചൂടും പ്രതാപവും ഉണ്ടു്. ഇവ ഓരോന്നും വ്യത്യസ്തങ്ങളാകുന്നു. എന്നാൽ, എല്ലാം കൂടെ ചേർന്നുള്ളതാണു സൂര്യൻ. ദൈവത്തെക്കുറിച്ചു മനസ്സിലാക്കുന്നതിനു് ചൂടും വെളിച്ചവും പ്രതാപവുമുള്ള സൂര്യൻ നമ്മെ സഹായിക്കുന്നു. ദൈവം ഒന്നേയുള്ളു. എന്നാൽ, ദൈവത്തിൽ മൂന്നു് ആളുകളുണ്ടു്: പിതാവു്, പുത്രൻ, പരിശുദ്ധാത്മാവു്. ഒരു ദൈവത്തിൽ മൂന്നു് ആളുകൾ - ഇതാണു പരിശുദ്ധത്രിത്വം.

പരിശുദ്ധത്രിത്വം എന്നെ സ്നേഹിക്കുന്നു. പിതാവായ ദൈവം എന്നെ സ്നേഹിക്കുന്നു. അവിടുന്നു് എന്നെ

സൃഷ്ടിച്ചു. അവിടത്തെ പുത്രനെ എനിക്കു രക്ഷകനായിത്തന്നു.

പുത്രനായ ദൈവം എന്നെ സ്നേഹിക്കുന്നു. എന്നെ രക്ഷിയ്ക്കാൻവേണ്ടി അവിടുന്നു മനുഷ്യനായി. സ്വർഗ്ഗത്തിലുള്ള എൻെറ പിതാവിൻെറ അടുക്കലേക്കു് അവിടുന്നു് എന്നെ നയിക്കുന്നു.

പരിശുദ്ധാത്മാവു് എന്നെ സ്നേഹിക്കുന്നു; എന്നെ ശുദ്ധീകരിച്ചു് പിതാവിനു് ഇഷ്ടമുള്ളവനാക്കുന്നു.

## ഓർമ്മിക്കാൻ

1. എത്ര ദൈവം ഉണ്ടു് ?
2. ദൈവത്തിൽ എത്ര ആളുകളുണ്ടു് ?
3. മൂന്നാളുകളുള്ള ഏകദൈവത്തിൻെറപേരെന്തു് ?

## പാടാൻ

സർവ്വേശാ നീ പരിശുദ്ധൻ
ബലവാനേ നീ പരിശുദ്ധൻ
നിത്യനമർത്ത്യൻ പരിശുദ്ധൻ
നിൻ കൃപ ഞങ്ങൾക്കേകണമേ !

## പ്രവർത്തിക്കാൻ

എല്ലാ പ്രധാന പ്രവൃത്തികളും ത്രിത്വസ്തുതിയോടു കൂടെ ഞാൻ ആരംഭിക്കും.

## പൂരിപ്പിക്കുക

................ ..... ദൈവം മാത്രമേയുള്ളൂ.
ദൈവത്തിൽ....... ............ ആളുകളുണ്ടു്.





## 3

## ദൈവത്തിന്റെ വ്യക്തിമാഹാത്മ്യം

കുട്ടികൾക്കു ചില ചെറിയ കാര്യങ്ങൾ ചെയ്യാൻ കഴിയും. മുതിർന്നവർക്കു പല വലിയ കാര്യങ്ങൾ ചെയ്യാൻ കഴിയും. എന്നാൽ, ദൈവത്തിനു മാത്രമേ എല്ലാം ചെയ്യാൻ കഴിയൂ. ലോകസൃഷ്ടിക്കു മുമ്പു ദൈവം മാലാഖമാരെ സൃഷ്ടിച്ചു. മാലാഖമാർ അരൂപികളാകുന്നു. അവർ ദൈവത്തെ സ്നേഹിക്കുകയും സ്വർഗ്ഗത്തിൽ ദൈവത്തോടൊന്നിച്ച് ആനന്ദിക്കുകയും ചെയ്യുന്നു.

ദൈവം നമ്മെ കാത്തുസൂക്ഷിക്കുന്നതിനു ചില മാലാഖമാരെ അയയ്ക്കുന്നു. അവരാണു നമ്മുടെ കാവൽ മാലാഖമാർ. നാം ജീവിക്കുന്ന ഭംഗിയുള്ള ഈ ലോകം ദൈവം സൃഷ്ടിച്ചതാണ്. സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ ഇവയൊക്കെയും ദൈവം സൃഷ്ടിച്ചു. കരയും കടലും പക്ഷികളും മൃഗങ്ങളും ദൈവസൃഷ്ടികൾ തന്നെ. ഇല്ലായ്മയിൽ നിന്നാണ് ദൈവം ഇവയെ സൃഷ്ടിച്ചത്.

നമ്മുടെ ആദിമാതാപിതാക്കളായ ആദത്തേയും ഹവ്വയേയും ദൈവം സൃഷ്ടിച്ചു. എന്നേയും ദൈവം സൃഷ്ടിച്ചു. ദൈവം നല്ലവനായതുകൊണ്ടാണ് എന്നെ സൃഷ്ടിച്ചത്.

സ്വർഗ്ഗത്തിൽ ഞാൻ തന്നോടൊന്നിച്ച് ആനന്ദിക്കണം എന്നു ദൈവം ആഗ്രഹിക്കുന്നു. ദൈവത്തിൻെറ എല്ലാ പ്രവൃത്തികളും അവിടുത്തെ സ്നേഹവും ശക്തിയും കാണിക്കുന്നു. മാലാഖമാരും മനുഷ്യരും ദൈവത്തിനു സ്തുതിഗീതങ്ങൾ പാടുന്നു.

### ഓർമ്മിക്കാൻ

1. നിന്നെ ആരാണു സൃഷ്ടിച്ചത് ?
2. ദൈവം എന്തിനു നിന്നെ സൃഷ്ടിച്ചു ?

### പാടാൻ

കൂട്ടിനുണ്ടൊരു മാലാഖ
കൂടെ നടക്കും മാലാഖ
നമ്മെ കാക്കും മാലാഖ
നല്ലൊരു കാവൽ മാലാഖ.


പാപം ചെയ്താൽ ദുഃഖിക്കും
നമ്മുടെ കാവൽ മാലാഖ;
ഞാനും നല്ലതു ചെയ്തീടിൽ
പുഞ്ചിരിതൂകും മാലാഖ.

പ്രവർത്തിക്കാൻ

ദൈവം എന്നെ സൃഷ്ടിച്ചതിനെക്കുറിച്ച് അവിടുത്തോടു ഞാൻ നന്ദി പറയും.

ഞാൻ എല്ലാ ദിവസവും കാവൽ മാലാഖയോടു പ്രാർത്ഥിക്കും.





## 4

## മക്കളുടെ ദൗർഭാഗ്യം

ഒരു കൂട്ടം മാലാഖമാർ ദൈവത്തെ അനുസരിച്ചില്ല. അങ്ങനെ അവർ പാപം ചെയ്തു. ദൈവം അവക്കു നരകശിക്ഷ കൊടുത്തു. ദൈവത്തെ കാണാനുള്ള ഭാഗ്യം അതോടുകൂടെ അവക്ക് എന്നേയ്ക്കുമായി നഷ്ടപ്പെട്ടു. അവർ പിശാചുക്കളെന്നു അറിയപ്പെടുന്നു. ദൈവത്തെ അനുസരിച്ച മാലാഖമാർ സ്വർഗ്ഗത്തിൽ എന്നേയ്ക്കുമായി അവിടുത്തോടുകൂടെ ആനന്ദിക്കുന്നു.

ആദവും ഹവ്വയും സ്വർഗ്ഗീയസൗഭാഗ്യം അനുഭവിക്കണം എന്നതായിരുന്നു, ദൈവത്തിന്റെ ആഗ്രഹം. അതി

നാവശ്യകമായ ദൈവികജീവൻ അവക്ക് നല്കിയിരു ന്നു. അവരുടെ വിശ്വസ്തത പരീക്ഷിക്കാൻ ഒരു വൃക്ഷ ത്തിൻെറ പഴം തിന്നരുതെന്നു ദൈവം അവരോടു കല്പി ച്ചു. എന്നാൽ, ദൈവകല്പന ധിക്കരിച്ചുകൊണ്ട് അവർ പഴം തിന്നു. അങ്ങനെ അവർ അവിടുത്തെ കല്പന ലംഘിച്ചു. അവർ പാപം ചെയ്തു. അതു വലിയ പാപ മായിരുന്നു. അവർ ശിക്ഷയ്ക്കർഹരായി. സ്വർഗ്ഗവാതിൽ അവക്കും അവരുടെ മക്കൾക്കും എതിരായി അടയ്ക്കപ്പെട്ടു. അവക്കു ദൈവസ്നേഹം നഷ്ടപ്പെട്ടു. അവരിൽ ദൈവിക ജീവനില്ലാതായി. അതിനാൽ, ആദത്തിൻെറ മക്ക ളായ നാമും ദൈവികജീവനില്ലാതെ ജനിക്കുന്നു. ഇതു ദൈവമക്കൾക്കുണ്ടായ ഏററം വലിയ ദൗർഭാഗ്യമാണ്.

ആദവും ഹവ്വയും തങ്ങളുടെ പാപത്തെപ്പററി പശ്ചാ ത്തപിച്ചു. ദൈവത്തിനു അവരോടു കരുണ തോന്നി. ദൈവം ഒരു രക്ഷകനെ അയയ്ക്കാമെന്നു വാഗ്ദാനം ചെയ്തു.

### ഓർമ്മിക്കാൻ

1. പാപം എന്താകുന്നു ?
2. പാപം ചെയ്ത മാലാഖമാക്കു ദൈവം എന്തു ശിക്ഷ കൊടുത്തു ?
3. ആദ്യമാതാപിതാക്കന്മാരുടെ പാപം എന്തായി രുന്നു ?
4. ഈ പാപത്തിൻെറ ഫലം നാമും അനുഭവിക്കു ന്നുണ്ടോ ? എങ്ങനെ ?

## പാടാൻ

ദൈവത്തിൻകല്പന ധിക്കരിച്ച്
ആദവും ഹവ്വയും തെററുചെയ്തു.
ദൈവമവക്കൊരു ശിക്ഷനല്കി,
ദൈവത്തിൻ നീതിക്കു ചേൎന്നശിക്ഷ.

സ്വൎഗ്ഗത്തിൻവാതിലവക്കു നേരെ
നിത്യപിതാവങ്ങടച്ചുപൂട്ടി.
പാപം പിഴയാലെ ദൈവദാനം
ആദവും ഹവ്വയും നഷ്ടമാക്കി.
ആദിപിതാക്കൾ പിഴയ്ക്കയാല.
പ്പാപംതാൻ ബാധിച്ചു നമ്മളേയും;
ആവിധമുണ്ടായ ശാപമല്ലോ
ഉത്ഭവപാപമെന്നോതിടുന്നു.

## പ്രവത്തിക്കാൻ


എന്തെങ്കിലും തെററു ചെയ്തുപോയാൽ "എൻെറ ദൈവമേ, എന്നോടു ക്ഷമിക്കണമേ" എന്നു ഞാൻ പറയും.

## പൂരിപ്പിക്കുക

[അനുസരിച്ചു - ധിക്കരിച്ചില്ല]

നല്ല മാലാഖമാർ ദൈവത്തെ.........................

ചീത്ത മാലാഖമാർ പാപത്തെപ്പററി...............



# 5

## ദൈവികജീവനും ദൈവസ്നേഹവും

മാമ്മോദീസവഴി നാം ദൈവത്തിന്റെ മക്കളായി ജനിക്കുന്നു. നാം ജനിച്ചപ്പോൾ നമുക്കു ദൈവികജീവൻ ഉണ്ടായിരുന്നില്ല. ദൈവികജീവനില്ലാതെ ജനിച്ചതിനാൽ, നാം ജന്മപാപമുള്ളവരായി.

ജനിച്ചപ്പോൾ നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ അർഹരായിരുന്നില്ല. നമുക്കു സ്വർഗ്ഗത്തിനു് അവകാശവുമില്ലായിരുന്നു. മാമ്മോദീസയോടു കൂടെ ദൈവികജീവൻ നമുക്കു ലഭിച്ചു. നാം ദൈവത്തിന്റെ

മക്കളായി. കണ്ണാടി സൂര്യപ്രകാശത്തിൽ വെട്ടിത്തിള ങ്ങുന്നു. അതുപോലെ മാമ്മോദീസ സ്വീകരിക്കുമ്പോൾ ആത്മാവു ദൈവികജീവൻമൂലം പ്രകാശിക്കുന്നു.

മാമ്മോദീസയിൽ നമുക്കു ലഭിച്ച ജീവൻ പ്രസാദവ രമാണ്. അതു ലഭിച്ചതോടെ നാം ദൈവത്തിന്റെ ആലയമായി. പരിശുദ്ധത്രിത്വം നമ്മിൽ വസിക്കാൻ തുടങ്ങി. ദൈവം എന്നെ എത്രമാത്രം സ്നേഹിക്കുന്നു!

## ഓർമ്മിക്കാൻ

ഈശോയുടെ വാക്കുകൾ:

"ജലത്താലും പരിശുദ്ധാത്മാവിനാലും വീണ്ടും ജനിക്കാത്തവനു സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുവാൻ സാധിക്കയില്ല എന്നു സത്യമായി ഞാൻ നിന്നോടു പറ യുന്നു."

(യോഹ. 3 : 5)

1. മാമ്മോദീസവഴി നമുക്കു എന്തു ലഭിച്ചു?
2. നമുക്കുലഭിച്ച ദൈവികജീവൻ എന്താണ്?

## പ്രവർത്തിക്കാൻ

മാമ്മോദീസവഴി നവജീവൻ ലഭിച്ചതിനു ദൈവ ത്തോടു ഞാൻ നന്ദിപറയും.

"പിതാവും പുത്രനും പരിശുദ്ധാത്മാവുമായ പരി ശുദ്ധത്രിത്വമേ, അങ്ങ് എപ്പോഴും എന്നിൽ ഉണ്ടായി രിക്കണമേ!" എന്ന പ്രാർത്ഥന ഞാൻ ചൊല്ലും.

പൂരിപ്പിക്കുക

ഞാൻ മാമ്മോദീസ സ്വീകരിച്ചപ്പോൾ എനിക്കു് ........ ........ ........ കിട്ടി.

ഞാൻ .................... മകനായി.

ഞാൻ മാമ്മോദീസ സ്വീകരിച്ചതു് ................-ാം ആണ്ടു് ................ മാസം ............ തീയതി ആകുന്നു.





**6**

## സ്വർഗ്ഗീയപിതാവിന്റെ ഇഷ്ടം

ഒരിക്കൽ ഒരു മനുഷ്യൻ ഈശോയോടു ചോദിച്ചു: "ഏററവും വലിയ കല്പന ഏതാണ്?" ഈശോ മറുപടി പറഞ്ഞു: "നിന്റെ കർത്താവായ ദൈവത്തെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും കൂടെ സ്നേഹിക്കുക." ഈശോ തുടർന്നു പറഞ്ഞു: "നിന്നെപ്പോലെ മററുള്ളവരേയും സ്നേഹിക്കുക - ഇതാണു രണ്ടാമത്തെ കല്പന." ഈ രണ്ടു കല്പനകളും എനിക്കു സ്വർഗ്ഗത്തിലേക്കുള്ള വഴി കാണിച്ചുതരുന്നു.

ഞാൻ അവയെ എങ്ങനെ അനുസരിക്കണമെന്നു് ഈശോ എന്നെ പഠിപ്പിക്കുന്നു. ഭക്തിയോടെ പ്രാർത്ഥിക്കുമ്പോഴും ദൈവത്തെപ്പററി സ്നേഹത്തോടെ സംസാരിക്കുമ്പോഴും ഞാൻ ദൈവത്തെ എൻെറ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടുംകൂടെ സ്നേഹിക്കുകയാണു്. മാതാപിതാക്കളേയും അദ്ധ്യാപകരേയും അനുസരിക്കുമ്പോഴും എല്ലാവരോടും കരുണ കാണിക്കുമ്പോഴും ഞാൻ മററുള്ളവരെ സ്നേഹിക്കുകയാണു്.

## ഓർമ്മിക്കാൻ

ഈശോയുടെ വാക്കുകൾ:

"നിൻെറ ദൈവമായ കർത്താവിനെ നിൻെറ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും സർവ്വശക്തിയോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കണം: ഇതാണു് ഏററം പ്രധാനവും ഒന്നാമത്തേതുമായ കല്പന. നിന്നെപ്പോലെ നിൻെറ അയൽക്കാരനേയും സ്നേഹിക്കണം."

(മത്തായി 22 : 37 - 39)

1. ഏററവും വലിയ കല്പന ഏതാണു്?
2. ദൈവത്തെ നാം എങ്ങനെ സ്നേഹിക്കണം?
3. അയൽക്കാരെ നാം എങ്ങനെ സ്നേഹിക്കണം?

## പാടാൻ

സ്നേഹിക്കു ദൈവത്തെ
നിൻ മുഴുചിത്തവും

ആത്മാവും ശക്തിയും ഒക്കെയോടെ;
സ്നേഹിക്കു മർത്ത്യരാം
സോദരന്മാരെയും
നിന്നെ നീ സ്നേഹിച്ചീടുന്നപോലെ
ഇച്ചൊന്നരണ്ടത്രേ മുഖ്യപ്രമാണങ്ങൾ
ദൈവം നമുക്കേകും കല്പനകൾ
നിത്യനാം മർത്ത്യനും ദൈവവുമായുള്ള
ക്രിസ്തുവിൻ ജീവിത മാതൃകയിൽ
സ്നേഹിക്കാം ദൈവത്തെ സേവിക്കാം മർത്ത്യനെ
ഞാനപ്പോൾ ദൈവേഷ്ടം പൂർത്തിയാക്കും.

## പ്രവർത്തിക്കാൻ

ഞാൻ ഉത്സാഹപൂർവ്വം പ്രാർത്ഥനയിൽ പങ്കുകൊള്ളും. ഞാൻ കൂട്ടുകാരെ ആവശ്യങ്ങളിൽ സഹായിക്കും.





# 7

## പിതാവിനിഷ്ടമില്ലാത്തവ

സ്വർഗ്ഗത്തിൽ ദൈവത്തോടൊത്തു ഞാൻ സൗഭാഗ്യം അനുഭവിക്കണം. അതാണു പിതാവായ ദൈവത്തിന്റെ ആഗ്രഹം. അതിനു് എന്നെ സഹായിക്കുവാൻ ദൈവം പ്രമാണങ്ങൾ തന്നിട്ടുണ്ടു്. പ്രമാണങ്ങൾ അനുസരിക്കാതിരിക്കുന്നതാണു പാപം. പാപം വഴി എന്റെ പ്രിയപ്പെട്ട പിതാവായ ദൈവത്തെ ഞാൻ ധിക്കരിക്കുന്നു, ദൈവത്തിൽനിന്നു് അകന്നുപോകുന്നു. ദൈവികജീവൻ എനിക്കു നഷ്ടപ്പെടുന്നു. ദൈവത്തെ അനുസരിക്കാതിരിക്കുകയോ അവിടുത്തോടു മറുത്തുപറയുകയോ ചെയ്യുന്നതു തെറ്റാണു്. നുണ പറയുന്നതും കട്ടെടുക്കുന്നതും തെറ്റാണു്. ഇവയെല്ലാം എന്റെ പിതാവായ ദൈവ

ത്തിനു് ഇഷ്ടമില്ലാത്ത പ്രവൃത്തികളാകുന്നു. ഇവ എന്റെ ആത്മാവിനു ദോഷം ചെയ്യും.

### ഓർമ്മിക്കാൻ

1. പാപം എന്താകുന്നു ?
2. പാപത്തിന്റെ ഫലങ്ങൾ ഏവ ?

### പ്രവർത്തിക്കാൻ

ഞാൻ സത്യം പറയും. ഞാൻ അന്യരുടെ സാധനങ്ങൾ എടുക്കുകയോ നശിപ്പിക്കുകയോ ചെയ്യുകയില്ല.

### പൂരിപ്പിക്കുക

പാപം വഴി ദൈവത്തെ.........................

പാപംവഴി എന്റെ ആത്മാവിനു്...... .....





**8**

## ഞാൻ എൻെറ പിതാവിൻെറ മുമ്പിൽ

● യാത്രയ്ക്കു വഴി അറിഞ്ഞിരിക്കണം. അല്ലെങ്കിൽ വഴിതെററി കഷ്ടപ്പെടാൻ ഇടയാകും. സ്വർഗ്ഗത്തിലേക്കുള്ള യാത്രക്കാരനാണു ഞാൻ. സ്വർഗ്ഗത്തിൽ പിതാവു് എന്നെ കാത്തിരിക്കുകയാണു്. നേർവഴിയിലൂടെയാണോ ഞാൻ പോകുന്നതു്? എങ്ങനെയായിരുന്നു എൻെറ ജീവിതം? ദൈവത്തിനു് ഇഷ്ടപ്പെട്ട രീതിയിലാണോ ഞാൻ സംസാരിച്ചതും പ്രവർത്തിച്ചതും? വീട്ടിൽ ഞാൻ എങ്ങനെ പെരുമാറി? എൻെറ ജോലികൾ ഞാൻ ശരിയായി ചെയ്തോ? മനഃപൂർവ്വം പാപം ചെയ്തു വഴിതെററിപ്പോകാൻ എനിക്കു് ഇടയായോ? ഞാൻ ചിന്തിക്കും.

വാത്സല്യപൂർവ്വം ദൈവം എന്നെ നോക്കിയിരിക്കുകയാണ്. ഞാൻ വിചാരിച്ചതും പറഞ്ഞതും ചെയ്തതും എല്ലാം അവിടുന്ന് അറിയുന്നുണ്ട്. എന്റെ തെറ്റുകൾ ക്ഷമിക്കണമേ എന്നു ദൈവത്തോടു ഞാൻ അപേക്ഷിക്കും. മേലിൽ തെറ്റുചെയ്യുകയില്ല എന്നു ഞാൻ പ്രതിജ്ഞ ചെയ്യും.

**പ്രവർത്തിക്കാൻ**

ഞാൻ ദിവസേന ആത്മശോധന ചെയ്യും.





# 9

## പിതാവേ, ക്ഷമിക്കണമേ!

നമ്മെ സ്നേഹിക്കുന്നവരെ നാം ദുഃഖിപ്പിക്കുകയില്ല. നമ്മോടു കരുണയും സ്നേഹവും കാണിക്കുന്നവരെ സന്തോഷിപ്പിക്കുവാൻ നാം താൽപര്യപ്പെടും. ദൈവം എത്രയോ നല്ലവനാണു്! തന്നോടൊന്നിച്ചു് ആനന്ദിക്കുവാൻ നമ്മുടെ പിതാവായ അവിടുന്നു നമ്മെ ക്ഷണിക്കുന്നു.

എനിയ്ക്കുള്ളതെല്ലാം ദൈവം നല്കിയതാണു്. അവിടുന്നു എന്നെ സ്നേഹിക്കുന്നു. പാപം ചെയ്യുമ്പോൾ ഞാൻ അവിടുത്തെ ധിക്കരിക്കുന്നു. എന്റെ പിതാവായ ദൈവത്തെ ധിക്കരിച്ചതിനെപ്പറ്റി എനിക്കു് അഗാധമായ ദുഃഖമുണ്ടു്. സർവ്വനന്മയായ അവിടുന്നു് എന്റെ സ്നേഹം

പൂർണ്ണമായി അർഹിക്കുന്നു. അങ്ങേ അനുഗ്രഹത്തിൻെറ സഹായത്താൽ മേലിൽ ഞാൻ പാപം ചെയ്യുകയില്ല. പാപം ചെയ്തുപോയാൽ ഞാൻ ദുഃഖിക്കും.

എൻെറ പാപങ്ങളെപ്പററി ഞാൻ ദുഃഖിക്കുമ്പോൾ ദൈവം എന്നോടു ക്ഷമിക്കും. ഈശോയുടെ സഹായത്താൽ പാപം കൂടാതെ ജീവിക്കുവാൻ എനിക്കു സാധിക്കും.

### ഓർമ്മിക്കാൻ

പാപം ചെയ്തുപോയാൽ നാം എന്തു ചെയ്യണം?

### പാടാൻ

ദൈവമേ, പാപിയാമെന്നിൽ കനിയണേ;
താപത്താൽ നീറുന്നെൻ മാനസം ഹാ!
നിൻതിരുക്കല്പന ലംഘിച്ചുപോകയാൽ
നാശത്തിൻ കൂപത്തിലാണ്ടുപോയ് ഞാൻ...
കാരുണ്യക്കാതലാം യേശു മിശിഹായേ
പാപിഞാനെങ്കിലും നീയെൻ താതൻ;
ഇന്നിതാ നിൻ പാദേ വന്നണഞ്ഞീടുന്നു
താതാ, കനിഞ്ഞു ക്ഷമിയ്ക്കണമേ!

### പ്രവർത്തിക്കാൻ

ദിവസവും കിടക്കുന്നതിനു മുമ്പു ഞാൻ തെററുകളെപ്പററി മനസ്തപിക്കും.



10

# പിതാവിൻെറ പ്രിയപുത്രൻ

ഒരിക്കൽ കന്യകാമറിയം നസ്രത്തിലെ ചെറിയ വീട്ടിലിരുന്നു പ്രാർത്ഥിക്കുകയായിരുന്നു. അപ്പോൾ ഗബ്രിയേൽ മാലാഖ പ്രത്യക്ഷപ്പെട്ടു പറഞ്ഞു: "നന്മ നിറഞ്ഞവളേ, സ്വസ്തി! ദൈവപുത്രൻ നിന്നിൽനിന്നു ജനിക്കും. അവന് ഈശോ (യേശു) എന്നു പേർ വിളിക്കണം."

അതുകേട്ടു കന്യകാമറിയം പറഞ്ഞു: "അങ്ങയുടെ വചനം പോലെ എന്നിൽ സംഭവിക്കട്ടെ." അപ്പോൾ

ത്രിത്വത്തിൻെറ രണ്ടാമാളായ പുത്രൻ മറിയത്തിൽ ജന്മമെടുത്തു. പിതാവായ ദൈവം അയച്ച പുത്രനാണ് ഈശോ. അവിടുന്നു ഒരു രാത്രി ബെത്‌ലഹമിൽ ജനിച്ചു.

ആ രാത്രിയിൽ അവിടെ അടുത്ത് ആടുകളെ കാത്തുകൊണ്ടിരുന്ന ഇടയന്മാരോടു ഒരു മാലാഖ പറഞ്ഞു: "ഞാൻ ഒരു സന്തോഷവാർത്ത അറിയിക്കാം. നിങ്ങൾക്ക് ഇന്നൊരു രക്ഷകൻ പിറന്നിരിക്കുന്നു. ദൈവപുത്രനായ ഈശോ ആണ് ആ രക്ഷകൻ." അപ്പോൾ ഒരു കൂട്ടം മാലാഖമാർ ആകാശത്തുനിന്ന് ഇങ്ങനെ പാടി: "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി! ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം." ആട്ടിടയന്മാർ ബെത്‌ലഹമിലേയ്ക്കു സന്തോഷപൂർവ്വം പോയി. അവർ ഉണ്ണിയീശോയെക്കണ്ടു് ആനന്ദിച്ചു. അവർ ഈശോയെ ആരാധിച്ചു.

## ഓർമ്മിക്കാൻ

1. ആരാണ് മനുഷ്യനായി അവതരിച്ചതു് ?
2. മനുഷ്യനായി ജനിച്ച ദൈവപുത്രൻെറ പേരെന്താകുന്നു ?
3. ഈശോയുടെ അമ്മ ആരാകുന്നു ?

## പാടാൻ

ഉണ്ണിപിറന്നു ബെത്‌ലഹമിൽ
വന്ദനമരുളാൻ വന്നിടുവിൻ;

നിമ്മലമോദമലിഞ്ഞൊഴുകും
മംഗളഗാനം പാടിടുവിൻ.
പാതിരാവിൻ പനിനീരിൽ
പൂനിലാവിൻ പുഞ്ചിരിയിൽ
നീലവാനിലെ സുരദീപം
താണിറങ്ങിവരുന്നുലകിൽ.
ഉണ്ണിപിറന്നു .......

പ്രവത്തിക്കാൻ

"ഈശോയെ ഞങ്ങൾക്കു തന്ന സ്വഗ്ഗീയപിതാവേ, അങ്ങേയ്ക്കു നന്ദി!" - എന്നു ഞാൻ പ്രാത്ഥിക്കും.

ഈശോയുടെ രൂപത്തിനുമുമ്പിൽ ഞാൻ പുഷ്പങ്ങൾ ചാത്തും.





## 11

# പിതാവിനെ അനുസരിക്കുന്ന പുത്രൻ

ബാലനായ ഈശോ മാതാവിനേയും വളർത്തുപിതാവായ യൗസേപ്പിനേയും അനുസരിച്ചിരുന്നു. ജോലികളിൽ അവരെ സഹായിക്കുകയും ചെയ്തിരുന്നു. അവിടുന്ന് എല്ലാവരോടും കരുണയുള്ളവനായിരുന്നു. മററുള്ളവരെ സഹായിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്യുവാൻ ഈശോയ്ക്ക് ഉത്സാഹമായിരുന്നു. ഇവയെല്ലാം തന്റെ പിതാവിന് ഇഷ്ടമുള്ളവയാണെന്നു ഈശോ അറിഞ്ഞിരുന്നു. അവിടുന്ന് ചെയ്തതുപോലെ ചെയ്യാൻ ഞാൻ ശ്രമിക്കും.

ഈശോയും മറിയവും യൗസേപ്പും ഒന്നിച്ച ജോലി ചെയ്യിരുന്നു; ഒന്നിച്ച പ്രാത്ഥിച്ചിരുന്നു. സന്തോഷവും സമാധാനവും നിറഞ്ഞതായിരുന്നു, അവരുടെ കൊച്ചു കുടുംബം.

## ഓമ്മിക്കാൻ

"അനന്തരം, അവിടന്നു് അവരോടുകൂടെ നസ്രത്തിലെത്തി അവക്കു കീഴ്പ്പെട്ടിരുന്നു. ഈശോ പ്രായത്തിലും വിജ്ഞാനത്തിലും ദൈവത്തിൻേറയും മനുഷ്യരുടേയും പ്രീതിയിലും വളന്നുവന്നു" (ലൂക്കാ 2 : 51, 52)

## പ്രവത്തിക്കാൻ

ഞാൻ മാതാപിതാക്കളെ അനുസരിക്കും. അവരെ ഞാൻ ജോലിയിൽ സഹായിക്കും.

ഈശോ മറിയം യൗസേപ്പേ, എന്നെ സഹായിക്കണമേ !





**12**

# ഇവൻ എന്റെ പ്രിയപുത്രനാകുന്നു

സ്നാപകയോഹന്നാൻ എന്നൊരു പ്രവാചകനുണ്ടായിരുന്നു. അദ്ദേഹം യോർദ്ദാൻ നദിയുടെ തീരത്തുവന്നു പ്രസംഗിച്ചു: "ദൈവരാജ്യം സമീപിച്ചിരിക്കുന്നു. നിങ്ങൾ പശ്ചാത്തപിക്കുവിൻ." അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കുവാൻ ധാരാളം ആളുകൾ ഓടിക്കൂടി. വളരെപ്പേർ യോഹന്നാന്റെ പ്രസംഗം കേട്ടു മനസ്തപിച്ചു.

അവർ യോർദ്ദാൻ നദിയിൽ യോഹന്നാനിൽനിന്നു് അനുതാപത്തിൻെറ മാമ്മോദീസ സ്വീകരിച്ചു.

ഒരു ദിവസം യേശുവും അവിടെ വന്നു. യേശുവിൻെറ ആഗ്രഹമനുസരിച്ചു യോഹന്നാൻ അവിടുത്തേയ്ക്കു മാമ്മോദീസ നല്കി. അപ്പോൾ യേശുവിനു് മുപ്പതു വയസ്സുണ്ടായിരുന്നു. യേശു വെള്ളത്തിൽ നിന്നു കയറിയപ്പോൾ പരിശുദ്ധാത്മാവു് ഒരു പ്രാവിൻെറ രൂപത്തിൽ സ്വർഗ്ഗത്തിൽനിന്നു് അദ്ദേഹത്തിൻെറ മേൽ ഇറങ്ങിവന്നു; സ്വർഗ്ഗത്തിൽ നിന്നു് ഒരു ശബ്ദവും മുഴങ്ങിക്കേട്ടു: "ഇവൻ എൻെറ പ്രിയപുത്രനാകുന്നു. ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു." ഈശോയെ ചൂണ്ടിക്കാണിച്ചു കൊണ്ടു യോഹന്നാൻ പറഞ്ഞു: "ഇതാ, ലോകത്തിൻെറ പാപങ്ങൾ നീക്കുന്ന ദൈവത്തിൻെറ കുഞ്ഞാടു്!" ഈശോയാണു നമ്മുടെ രക്ഷകൻ. നമ്മുടെ പാപങ്ങൾ നീക്കുന്നതു് അവിടുന്നാണു്. അനുതാപത്തോടുകൂടെ ഞാൻ ഈശോയെ സമീപിക്കും.

### ഓർമ്മിക്കാൻ

1. ഈശോ മാമ്മോദീസ സ്വീകരിച്ചപ്പോൾ സ്വർഗ്ഗത്തിൽനിന്നുകേട്ട സ്വരമെന്താണു്?
2. ആരാണു് ഈശോയ്ക്കു മാമ്മോദീസ നല്കിയതു്?

### പ്രവർത്തിക്കാൻ

ഈശോയെപ്പോലെ പിതാവിൻെറ ഇഷ്ടം ഞാൻ

നിറവേററാൻ ശ്രമിക്കും. ഞാൻ എന്തെങ്കിലും തെററു ചെയ്താൽ മനസ്തപിക്കുകയും തിരുത്തുകയും ചെയ്യും.

## തെററുണ്ടെങ്കിൽ തിരുത്തുക

1. ഈശോ മനുഷ്യനായി പിറന്ന ദൈവപുത്രൻ ആകുന്നു.
2. ഈശോ യോഹന്നാനു മാമ്മോദീസ നല്കി.
3. പിതാവായ ദൈവം പ്രാവിൻെറ രൂപത്തിൽ കാണപ്പെട്ടു.





13

## തിന്മയിൽനിന്നു ഞങ്ങളെ രക്ഷിക്കണമേ

മാമ്മോദീസ സ്വീകരിച്ചതിനുശേഷം ഈശോ മരുഭൂമിയിലേയ്ക്കു പോയി. അവിടുന്നു നാല്പതു ദിവസം പ്രാർത്ഥനയിൽ ചെലവഴിച്ചു. ആ ദിവസങ്ങളിൽ അവിടുന്നു യാതൊരു ഭക്ഷണവും കഴിച്ചിരുന്നില്ല. ഒടുവിൽ പിശാചു് അവിടുത്തെ പരീക്ഷിക്കുവാൻ വന്നു.

വിശന്നിരുന്ന ഈശോയോടു പിശാചു പറഞ്ഞു: "ഈ കല്ലുകൾ അപ്പമാകുവാൻ കല്പിക്കുക." ഈശോ മറുപടി പറഞ്ഞു: "മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല ജീവിക്കുന്നതു്; ദൈവത്തിന്റെ വചനം കൊണ്ടുകൂടിയാണു്."

തുടർന്നുണ്ടായ രണ്ടു പരീക്ഷകൾക്കും ഈശോ വഴങ്ങിയില്ല. അവിടുന്നു പറഞ്ഞു: "സാത്താനേ, നീ പോവുക."

തെറ്റു ചെയ്യാനുള്ള പ്രേരണകളാണു പ്രലോഭനങ്ങൾ അഥവാ പരീക്ഷകൾ. പരീക്ഷകളെ എതിർക്കാതിരുന്നാൽ അവ പാപത്തിലേയ്ക്കു നമ്മെ നയിക്കും. പരീക്ഷകൾ നമ്മുടെ തെറ്റായ ആഗ്രഹങ്ങളിൽനിന്നും ചീത്തക്കൂട്ടുകാരിൽ നിന്നും ഉണ്ടാകുന്നു. ഈശോയെപ്പോലെ നാമും പരീക്ഷകളെ എതിർക്കണം. പ്രലോഭനാവസരങ്ങളിൽ എന്നെ സഹായിക്കണമേ എന്നു ഞാൻ ഈശോയോടു് അപേക്ഷിക്കും.

### ഓർമ്മിക്കാൻ

1. പ്രലോഭനം എന്നാൽ എന്തു് ?
2. പരീക്ഷിക്കപ്പെടുമ്പോൾ നാം എന്തു ചെയ്യണം ?

### പാടാൻ

പുലരിയിൽ നിദ്രയുണർന്നങ്ങേ
പാവനസന്നിധിയണയുന്നു

കർത്താവേ, നിൻ കരുണയ്ക്കായ്
നന്ദിപറഞ്ഞു നമിക്കുന്നു.

പുതിയ ദിനത്തിൽ പാതകളിൽ
പാപികൾ ഞങ്ങളിറങ്ങുന്നു;
വിനകളിൽ വീഴാതഖിലേശാ
കൈകൾ പിടിച്ചു നടത്തണമേ !

## പ്രവർത്തിക്കാൻ

ആരു പ്രേരിപ്പിച്ചാലും ഞാൻ തെററുചെയ്യുകയില്ല. പരീക്ഷകളിൽ ഉൾപ്പെടാതിരിക്കാൻവേണ്ടി ഞാൻ പ്രാർത്ഥിക്കും.





## 14

## പാപംമോചിക്കുന്ന ഈശോ

ഒരിക്കൽ ഒരു തളർവാതരോഗിയെ അയാളുടെ കൂട്ടുകാർ എടുത്തു് ഈശോയുടെ അടുക്കൽ കൊണ്ടുവന്നു. അയാളെ സുഖപ്പെടുത്തണമെന്നു് അവർ അവിടുത്തോടു് അപേക്ഷിച്ചു. ഈശോയ്ക്കു് അയാളോടു വലിയ അനുകമ്പ തോന്നി. അവിടുന്നു് അയാളോടു പറഞ്ഞു: "നിന്റെ പാപങ്ങൾ മോചിച്ചിരിക്കുന്നു." പാപമോചനത്തിനു തനിക്കു് അധികാരമുണ്ടെന്നു തെളിയിക്കുവാൻ വേണ്ടി ഈശോ പറഞ്ഞു: "എഴുന്നേല്ക്കു

ക, നിൻെറ കിടക്കയെടുത്തുകൊണ്ടു നടക്കുക.” അയാളുടെ രോഗം മാറി. അയാൾ എഴുന്നേററു കിടക്ക എടുത്തുകൊണ്ടു നടന്നുപോയി. പാപങ്ങളിൽനിന്നു് അയാൾക്കു മോചനവും ലഭിച്ചു. അയാൾക്കു് ഒരു പുതു ജീവൻ കിട്ടി.

പാപങ്ങൾ മോചിക്കാൻ ഈശോയ്ക്കു കഴിഞ്ഞു. എന്തുകൊണ്ടെന്നാൽ, അവിടുന്നു ദൈവപുത്രനാകുന്നു. ഈശോ ഇപ്പോഴും പാപങ്ങൾ മോചിക്കുന്നുണ്ടു്. സ്നേഹത്തോടും വിശ്വാസത്തോടും മനസ്താപത്തോടും കൂടി നാം അവിടുത്തെ സമീപിച്ചാൽ അവിടുന്നു നമ്മുടെ പാപങ്ങൾ മോചിക്കും.

### ഓർമ്മിക്കാൻ

1. പാപം മോചിക്കാൻ ആർക്കാണു് അധികാരം?
2. ആരുടെ പാപമാണു് ഈശോ മോചിച്ചതു്?

### താഴെപ്പറയുന്നവ ശരിയോ തെറേറാ എന്നു പരിശോധിക്കുക:

പ്രലോഭനങ്ങളെ തടയാൻ പ്രാർത്ഥന നമ്മെ സഹായിക്കും.

പരീക്ഷ പാപമാകുന്നു.

പാപം നമ്മുടെ ദൈവസ്നേഹത്തെ ശക്തമാക്കുന്നു.

പാപം പിതാവായ ദൈവത്തെ ദ്രോഹിക്കുന്നു.

പാപങ്ങളെപ്പററി പശ്ചാത്തപിച്ചാൽ ദൈവം അവ മോചിക്കും.

ദൈവാനുഗ്രഹം നമ്മിൽ വദ്ധിക്കാൻ പാപമോചനം സഹായിക്കും.

ദിവസത്തിലൊരിക്കൽ മാത്രം പ്രാത്ഥിച്ചാൽ മതി.

പിതാവായ ദൈവത്തെ സ്നേഹിക്കുന്നതിനു് ഈശോ നമ്മെ സഹായിക്കുന്നു.

## പാടാൻ

ഘോരാന്ധകാരത്തിൽ സൂര്യനെപ്പോൽ
പാരം പ്രശോഭിത നേതൃനാഥാ
പാപത്തിൻ കൂരിരുൾ നീക്കിടുവാൻ
ലോകത്തിലാഗതനായവനേ,
(ലോക........

ദീനദയാമയ മാനസനേ,
ആശയോടെത്തുന്ന പാദതാരിൽ;
പാപത്തിൻകാലുഷ്യം നീക്കിയെന്നിൽ
സ്നേഹത്തിൻ തൂമധു തൂകണമേ!
(സ്നേഹ...........

## പ്രവത്തിക്കാൻ

എന്നും രാത്രി ഞാൻ മനസ്താപപ്രകരണം ചൊല്ലി ഈശോയോടു മാപ്പുചോദിക്കും.



**15**

## എന്റെ പിഴ

ഉയിർപ്പിനുശേഷം ഈശോ ശ്ലീഹന്മാർക്കു പ്രത്യക്ഷപ്പെട്ടു് അവരോടു പറഞ്ഞു: "നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ മോചിക്കുന്നോ അവ മോചിക്കപ്പെടും." അങ്ങനെ ഈശോ പാപമോചനത്തിനുള്ള അധികാരം ശിഷ്യന്മാർക്കു

കൊടുത്തു. അവക്കു ലഭിച്ച അധികാരമാണ് വൈദികക്കുള്ളതു്. കുമ്പസാരത്തിൽ നാം മനസ്താപത്തോടുകൂടെ പാപങ്ങൾ ഏറ്റുപറയുന്നു. മാമ്മോദീസയ്ക്കുശേഷം നാം ചെയ്യുന്ന പാപങ്ങൾ കുമ്പസാരംവഴി മോചിക്കപ്പെടുന്നു.

### ഓമ്മിക്കാൻ

1. കുമ്പസാരമെന്ന കൂദാശ എന്താകുന്നു?
   ഈശോ ആക്കു പാപമോചനാധികാരം കൊടുത്തു?
2. പാപമോചനം നമുക്കെങ്ങനെ പ്രാപിക്കാം?

### പ്രവത്തിക്കാൻ

പാപം ചെയ്താൽ, കഴിവതും വേഗം മനസ്താപത്തോടുകൂടെ ഞാൻ കുമ്പസാരിക്കും.

### പൂരിപ്പിക്കുക

കുമ്പസാരത്തിൽ ഞാൻ എൻെറ പാപങ്ങൾ..........................ഏറ്റുപറയുന്നു. പുരോഹിതൻ എൻെറ..................... ..... ഈശോയുടെ നാമത്തിൽ മോചിക്കുന്നു.



# 16

## നിൻെറ മകനെന്നു വിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല

ഈശോ ഒരു കഥ പറഞ്ഞു: ഒരു പിതാവിനു രണ്ടു പുത്രന്മാരുണ്ടായിരുന്നു. ഇളയ പുത്രൻ പിതാവിനെ അനുസരിക്കാതെ സ്വത്തിൻെറ ഓഹരിയും വാങ്ങി വീടു വിട്ടിറങ്ങി. കുറെക്കാലം അവൻ വളരെ ചീത്തയായി ജീവിച്ചു. പണമെല്ലാം അവൻ ധൂർത്തടിച്ചു നശിപ്പിച്ചു. ഒടുവിൽ, വിശന്നു വലഞ്ഞ അവൻ വീട്ടിലേക്കുതന്നെ തിരിച്ചുപോയി. പിതാവിനോടു പറഞ്ഞു:

"പിതാവേ, സ്വർഗ്ഗത്തിനെതിരായും നിൻെറ മുമ്പാകെയും ഞാൻ പാപം ചെയ്തുപോയി. ഇനി നിൻെറ മകനെന്നു വിളിക്കപ്പെടുവാൻ ഞാൻ യോഗ്യനല്ല." മകനെ വീണ്ടും കണ്ടപ്പോൾ നല്ലവനായ പിതാവു വളരെ സന്തോഷിച്ചു. അദ്ദേഹം അവനോടു ക്ഷമിച്ചു. അവനെ സന്തോഷത്തോടെ സ്വീകരിച്ചു.

നമ്മുടെ തെററുകൾ ക്ഷമിക്കുവാൻ കാത്തിരിക്കുന്ന നല്ല പിതാവാകുന്നു ദൈവം എന്നു നമ്മെ പഠിപ്പിക്കുവാനാണ്, ഈശോ ഈ ഉപമ പറഞ്ഞത്.

പാപം ചെയ്യുമ്പോൾ നാം ദൈവതിരുമനസ്സിനെതിരായി പ്രവർത്തിക്കുന്നു. നമ്മോടു ക്ഷമിക്കുവാൻ ദൈവം എപ്പോഴും തയ്യാറാണ്. കുമ്പസാരത്തിൽ ദൈവം നമ്മുടെ പാപങ്ങൾ മോചിക്കുന്നു. കുമ്പസാരിക്കുമ്പോൾ പാപങ്ങളെപ്പററി നമുക്കു മനസ്താപമുണ്ടായിരിക്കണം. മേലിൽ പാപം ചെയ്യുകയില്ലെന്നു പ്രതിജ്ഞയും ഉണ്ടായിരിക്കണം. പാപത്തിനു പരിഹാരംചെയ്യുവാൻ തയ്യാറാവുകയും വേണം.

### ഓർമ്മിക്കാൻ

1. ദൈവത്തിൻെറ കരുണ കാണിക്കാൻ ഈശോ പറഞ്ഞ ഉപമ ഏത്?
2. ഈ ഉപമയിൽനിന്നു നമുക്ക് എന്തു മനസ്സിലാക്കാം?

## പാടാൻ

സ്നേഹിതാ, ഞാൻ ചോദിക്കുന്നു, നല്ല കുമ്പസാരം
ചെയ്യുതിനു വേണ്ടും കാര്യമേവയെന്നു ചൊല്ലു ?
കേട്ടുകൊൾക-പാപമെല്ലാം ഓർത്തിടേണമാദ്യം.
പാപമോരോന്നോർത്തു ചിത്തതാപമുണ്ടാകേണം.
വീണ്ടും പാപംചെയ്കയില്ലെന്നുള്ളിലുറയ്ക്കേണം.
പാപമെല്ലാം വൈദികനോടേററു പറയണം.
വൈദികൻ കല്പിച്ചിടുന്ന പാപപരിഹാരം
കൃത്യമായ് ച്ചെയ്തിടേണം താമസം കൂടാതെ.

## പ്രവർത്തിക്കാൻ

ഞാൻ തെററു ചെയ്താൽ, മാതാപിതാക്കളോടും ഗുരുജനങ്ങളോടും ക്ഷമചോദിക്കും.





**17**

## എന്നെത്തേടി

ആടുകളെ മേയ്ക്കുന്ന ആളാണു് ഇടയൻ. മേച്ചിൽ സ്ഥലത്തേയ്ക്കു് അയാൾ ആടുകളെ കൂട്ടമായി കൊണ്ടു പോകും. ഒരാടു കൂട്ടംവിട്ടാൽ അയാൾ അതിനെ അന്വേഷിക്കും. കണ്ടുകിട്ടുമ്പോൾ ഇടയൻ സന്തോഷത്തോടെ അതിനെ എടുത്തു കൂട്ടത്തിലേയ്ക്കു കൊണ്ടുവരും.

ഈശോ ഒരിക്കൽ പറഞ്ഞു: "ഞാൻ നല്ല ഇടയനാകുന്നു." പാപം മൂലം അകന്നുപോകുന്ന ആത്മാക്കളെ

ഈശോ എപ്പോഴും അന്വേഷിക്കുന്നു. അവരെ തന്റെ പിതാവിന്റെ വീട്ടിലേയ്ക്കു തിരികെക്കൊണ്ടുവരുന്നു.

ഞാൻ ഈശോയോടു പിരിഞ്ഞാൽ അപകടത്തിൽപ്പെടും; പാപത്തിൽ വീഴും. പാപങ്ങളെപ്പററി മനസ്തപിച്ചു കുമ്പസാരിച്ചാൽ എന്നെ സ്നേഹിക്കുന്ന നല്ല ഈശോ എന്നോടു ക്ഷമിക്കും.

### ഓർമ്മിക്കാൻ

ആത്മപരിശോധന ചെയ്തതിനു ശേഷം ഞാൻ വൈദികന്റെ അടുത്തുചെന്നു് അനുതാപത്തോടെ കുമ്പസാരത്തിനുള്ള ജപം ചൊല്ലും. അനന്തരം ആശീർവ്വാദം അപേക്ഷിക്കും: "പിതാവേ, പാപിയായ എന്നെ അനുഗ്രഹിക്കണമേ." ഞാൻ കുമ്പസാരിച്ചിട്ടു് എത്ര നാളായെന്നു് അറിയിക്കും. പാപങ്ങൾ ഏററുപറയും. വൈദികൻ തരുന്ന ഉപദേശവും നിർദ്ദേശിക്കുന്ന പ്രായശ്ചിത്തവും ശ്രദ്ധിച്ചുകേൾക്കും. ഭക്തിയോടെ മനസ്താപപ്രകരണം ചൊല്ലും. വൈദികൻ പാപമോചനം നല്കിക്കഴിയുമ്പോൾ ഞാൻ പോയി പ്രായശ്ചിത്തം നിറവേററും. പാപങ്ങൾ മോചിച്ചതിനു ദൈവത്തോടു നന്ദിപറയും.

കുമ്പസാരിക്കുന്നതെങ്ങനെ?

### പ്രവർത്തിക്കാൻ

കുമ്പസാരത്തിനുമുമ്പു ഞാൻ ഒരുങ്ങും. എന്റെ പാപങ്ങൾ ശരിക്കു് ഏററുപറയാൻ ഞാൻ നാണിക്കയില്ല.



18

## ജീവന്റെ അപ്പം

● പെസഹാവ്യാഴാഴ്ച രാത്രിയിൽ ഈശോ തന്റെ ശിഷ്യന്മാരോടൊന്നിച്ച് അവസാനത്തെ അത്താഴത്തിനിരുന്നു. ഈശോ തൃക്കരങ്ങളിൽ അപ്പമെടുത്തു വാഴ്ത്തി മുറിച്ച് അവർക്കു കൊടുത്തുകൊണ്ടു പറഞ്ഞു: “വാങ്ങി ഭക്ഷിക്കുവിൻ. ഇതു നിങ്ങൾക്കുവേണ്ടി വിഭജിക്കപ്പെടുന്ന എന്റെ ശരീരമാകുന്നു.” അതിനുശേഷം കാസയെടുത്തു കൃതജ്ഞതാസ്തോത്രം ചെയ്ത് അവർക്കു നല്കിക്കൊണ്ട് അരുൾ ചെയ്തു: “വാങ്ങി പാനം ചെയ്യുവിൻ.

ഇതു് അനേകർക്കു വേണ്ടി ചിന്തപ്പെടുന്ന എന്റെ രക്തമാകുന്നു.” ശിഷ്യന്മാർ ഈശോയുടെ ശരീരവും രക്തവും സ്വീകരിച്ചു. അതായിരുന്നു അവരുടെ ആദ്യകുർബാനസ്വീകരണം. ഈശോ തുടർന്നു പറഞ്ഞു: “നിങ്ങൾ എന്റെ നാമത്തിൽ ഒന്നിച്ചുകൂടുമ്പോൾ ഇതു് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ.” ഈ വാക്കുകൾ വഴി അപ്പവും വീഞ്ഞും തന്റെ ശരീരവും രക്തവുമായി മാറ്റാൻ ഈശോ ശ്ലീഹന്മാർക്ക് അധികാരം കൊടുത്തു. ഈ അധികാരം ഉപയോഗിച്ചാണു വൈദികർ വിശുദ്ധകുർബാന അർപ്പിക്കുന്നതു്.

വിശുദ്ധകുർബാനയിൽ നാമും ഈശോയെ സ്വീകരിക്കുന്നു. വിശുദ്ധകുർബാന ജീവന്റെ അപ്പമാണു്.

## ഓർമ്മിക്കാൻ

1. വിശുദ്ധകുർബാനയിൽ നാം ആരെ സ്വീകരിക്കുന്നു?
2. അവസാനത്തെ അത്താഴത്തിൽ ഈശോ എന്തു ചെയ്തു?
3. വിശുദ്ധകുർബാന അർപ്പിക്കുവാൻ ഈശോ ആർക്കു് അധികാരം കൊടുത്തു?

## പാടാൻ

ഈശോനാഥനരുൾ ചെയ്തു
വിണ്ണിൽ നിന്നിങ്ങാഗതമാം

ജീവൻ നല്കമൊരപ്പം ഞാൻ;
സവിധമണഞ്ഞതി പാവനമാം
സ്നേഹമൊടെന്നെ കൈക്കൊള്ളും
മാനവനെന്നും ജീവിക്കും,
സ്വർഗ്ഗം നേടുമവൻ നൂനം.

## പ്രവർത്തിക്കാൻ

ഞാൻ ഒരുക്കത്തോടുകൂടെ അടുക്കലടുക്കൽ വിശുദ്ധ കുർബാന കൈക്കൊള്ളും; ഭക്തിപൂർവ്വം ഉപകാരസ്മരണ ചെയ്യും.





## 19

# ദിവ്യബലി

നമ്മുടെ രക്ഷയ്ക്കുവേണ്ടി ഈശോ പീഡകൾ സഹിച്ചു കുരിശിൽ മരിച്ചു. ഈശോ തന്നെത്തന്നെ പിതാവിനു സമർപ്പിച്ചു. ഇതാണു കുരിശിലെ ബലി. ഈശോ കുരിശുമരണം വഴി അർപ്പിച്ച അതേ ബലിയാണു വിശുദ്ധകുർബാന. വിശുദ്ധകുർബാനയിൽ ഈശോ തന്നെത്തന്നെ പിതാവിനു സമർപ്പിക്കുന്നു. നാമും ഈശോയോടു ചേർന്നു നമ്മെത്തന്നെ പിതാവിനു സമർപ്പിക്കണം.

## ഓർമ്മിക്കാൻ

1. ഈശോ തന്നെത്തന്നെ ആർക്കാണു സമർപ്പിച്ചതു് ?
2. വിശുദ്ധകുർബാനയിൽ നമ്മെത്തന്നെ ആർക്കാണു സമർപ്പിക്കുന്നതു് ?

## പാടാൻ


സ്നേഹപിതാവിൻ ഭവനത്തിൽ
നാമെല്ലാവരും മെത്തുന്നു
മോക്ഷദമായ വിരുന്നിന്നായ്
രക്ഷകസവിധേ അണയുന്നു.

അന്തിമ ഭോജന ശാലയിലും
കാൽവരി മാമല വേദിയിലും
ദൈവപിതാവിന്നേകിയതാം
യാഗം നമ്മൾ പുതുക്കുന്നു.

## പ്രവർത്തിക്കാൻ

ദിവ്യബലിയിൽ ഭക്തിയോടെ സംബന്ധിച്ചു് എന്നെത്തന്നെ ഞാൻ ദൈവത്തിനു സമർപ്പിക്കും.





# 20

## ഞാനും അവസാനം ഉയിർക്കും

കുരിശിൽ മരിച്ച ഈശോയുടെ ശരീരം ശിഷ്യന്മാർ ഒരു കല്ലറയിൽ അടക്കി. ഈശോയെ സ്നേഹിച്ചിരുന്ന കുറെ സ്ത്രീകൾ ഞായറാഴ്ച അതിരാവിലെ സുഗന്ധദ്രവ്യവുമായി കല്ലറയിലേക്കു പോയി. കല്ലറ തുറന്നുകിടന്നിരുന്നു. കർത്താവിന്റെ ശരീരം അവിടെ ഉണ്ടായിരുന്നില്ല. അവിടെ ഒരു മാലാഖ ഇരുന്നിരുന്നു. മാലാഖ അവരോടു പറഞ്ഞു: "ഈശോ ഇവിടെയില്ല. അവിടുന്നു് ഉയിർത്തെഴുന്നേററു."

ഉയിർത്തെഴുന്നേററ ഈശോ നാല്പതു ദിവസം ഭൂമിയിൽ വസിച്ചു. അതിനിടയ്ക്കു പല പ്രാവശ്യം അവിടുന്നു ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടു. ഈശോ അവരോടു സംസാരിച്ചു. അവരോടൊന്നിച്ചു ഭക്ഷണം കഴിച്ചു. ഈശോയുടെ ഉയിർപ്പിൽ അവർ വിശ്വസിച്ചു.

അവിടുത്തെ ജീവനിലും ഉയിർപ്പിലും നമുക്കും പങ്കുണ്ടു്. നാം മരിക്കും; എന്നാൽ, ലോകാവസാനത്തിൽ നാമും ശരീരത്തോടുകൂടെ ഉയിർക്കും. നന്നായി ജീവിച്ചാൽ നമുക്കും ഈശോയുടെ മഹത്വത്തിൽ പങ്കു കൊള്ളാം.


### പാടാൻ

തേടുവതാരെ കല്ലറയിൽ,
കേഴുവതെന്തിനു ഖേദമൊടെ ?
മിശിഹാ നാഥനുയിർത്തല്ലോ,
വിജയ കിരീടമണിഞ്ഞല്ലോ.

ദൂതൻ മോദമൊടെറിയിച്ചു,
സാദര മവരെയുണർത്തിച്ചു:
മിശിഹാ നാഥനുയിർത്തല്ലോ
വിജയ കിരീടമണിഞ്ഞല്ലോ.

### പ്രവർത്തിക്കാൻ

ലോകാവസാനത്തിൽ ശോഭയോടെ ഉയിർക്കുവാനുള്ള അനുഗ്രഹം തരണമേ എന്നു ഞാൻ പ്രാർത്ഥിക്കും.



**21**

## എൻെറ കർത്താവേ, എൻെറ ദൈവമേ!

DHARMARAM COLLEGE LIBRARY, BANGALORE.
34012

ഈശോ മരിച്ചവരിൽനിന്നു് ഉയിർത്ത ദിവസംതന്നെ ശിഷ്യന്മാർക്കു പ്രത്യക്ഷപ്പെട്ടു. അപ്പോൾ അവർക്കു വലിയ സന്തോഷമായി. എന്നാൽ, അപ്പസ്തോലന്മാരിൽ ഒരുവനായ തോമ്മാ അപ്പോഴവിടെ ഇല്ലായിരുന്നു. തോമ്മാ വന്നപ്പോൾ, ഉയിർത്തെഴുന്നേററ കർത്താവിനെ കണ്ടു എന്നു ശ്ലീഹാന്മാർ പറഞ്ഞു. കർത്താവിനെ കാണുകയും

സ്പർശിക്കുകയും ചെയ്താലല്ലാതെ വിശ്വസിക്കുകയില്ലെന്നു തോമ്മാ ശഠിച്ചു. എട്ടുദിവസത്തിനുശേഷം തോമ്മായും ഉണ്ടായിരുന്നപ്പോൾ ഈശോ വീണ്ടും ശിഷ്യന്മാർക്കു പ്രത്യക്ഷനായി. ഈശോ തോമ്മായെ അടുക്കൽ വിളിച്ച് തൻെറ മുറിവുകൾ കാണിച്ചു. അവ തൊട്ടുനോക്കുന്നതിനു് ആവശ്യപ്പെട്ടുകൊണ്ടു പറഞ്ഞു: "നീ സംശയിക്കാതെ വിശ്വാസിയായിരിക്കുക." ഇതുകേട്ടു തോമ്മാ പറഞ്ഞു: "എൻെറ കർത്താവേ, എൻെറ ദൈവമേ!" ഈശോ അപ്പോൾ അരുൾചെയ്തു: "നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു; എന്നാൽ, കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ." വിശുദ്ധകുർബാനയിൽ ഈശോയെ നാം കാണുന്നില്ല. അപ്പത്തിൻേറയും വീഞ്ഞിൻേറയും രൂപമാണു കാണുന്നതു്. എന്നാൽ, നാം കാണുന്നവ ഈശോയുടെ ശരീരവും രക്തവുമാണെന്നു നമുക്കറിയാം. കാരണം, ഈശോ അങ്ങനെ പറഞ്ഞിട്ടുണ്ടു്. അവിടുത്തെ വാക്കുകൾ സത്യമാകുന്നു. നാം ഈശോയിൽ വിശ്വസിക്കണം. കർത്താവും ദൈവവുമായ ഈശോയെ നാം വിശുദ്ധ കുർബാനയിൽ സ്വീകരിക്കുന്നു.

## ഓർമ്മിക്കാൻ

1. ഈശോ തോമ്മാശ്ലീഹായോടു് എന്തു പറഞ്ഞു ?
2. വിശുദ്ധകുർബാനയിൽ ആരെയാണു നാം സ്വീകരിക്കുന്നതു് ?

## ഈശോയുടെ വാക്കുകൾ

"നീ എന്നെ കണ്ടതുകൊണ്ടു വിശ്വസിച്ചു. എന്നാൽ, കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ."
(യോഹ. 20 : 29)

## ശരിയോ തെററാ എന്നു പറയുക:

1. വിശുദ്ധകർബാനയിൽ ഈശോ സന്നിഹിതനാണ്.
2. വിശുദ്ധകർബാനയിൽ എനിക്ക് ഈശോയെ കാണാൻ കഴിയും.
3. വിശുദ്ധകർബാന സ്വീകരിക്കുമ്പോൾ നാം ഈശോയെ സ്വീകരിക്കുന്നു.

## പ്രവർത്തിക്കാൻ

"എന്റെ കർത്താവേ, എന്റെ ദൈവമേ" എന്നു പറഞ്ഞു ഞാൻ ഈശോയിലുള്ള വിശ്വാസം ഉറപ്പിക്കും.





22

# നമ്മുടെ കർബാന

## A സീറോമലബാർ റീത്തിൽ

### 1. പ്രാരംഭം:

വൈദികനും ജനങ്ങളും നില്ക്കുന്നു: അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി എന്ന സ്തോത്രത്തോടുകൂടെ കർബാന ആരംഭിക്കുന്നു. തുടർന്ന്, "കർത്താവേ, നിൻെറ കൂടാരത്തിൽ ആരു വസിക്കും?" എന്നു തുടങ്ങുന്ന സങ്കീർത്തനം വൈദികനും ജനങ്ങളും മാറിമാറി ചൊല്ലുന്നു.

### 2. ലേഖനം:

(അതതു ദിവസത്തെ ലേഖനം സഹായി വായിക്കുന്നു)

സുവിശേഷത്തിൻെറ തത്വങ്ങളനുസരിച്ചു ജീവിക്കേണ്ടതെങ്ങനെയെന്നു പുതിയനിയമത്തിലെ ലേഖനഭാഗങ്ങൾ ചൂണ്ടിക്കാണിക്കുന്നു.

### 3. സുവിശേഷം:



(വൈദികനാണ സുവിശേഷം വായിക്കുന്നത്)

സുവിശേഷം, നമ്മുടെ മാതൃകയായ കർത്താവിൻെറ ജീവിതവും പ്രബോധനങ്ങളും നമ്മുടെ മുമ്പിൽ വയ്ക്കുന്നു.

### 4. വിശ്വാസപ്രമാണം:

(വൈദികനും ജനങ്ങളും കൂടി വിശ്വാസപ്രമാണം ചൊല്ലുന്നു)

ഒരു കത്തോലിക്കനെ അന്യമതസ്ഥരിൽനിന്നു വേർതിരിക്കുന്നത് അവൻെറ വിശ്വാസവും ജീവിതരീതിയുമാണ്.



### 5. കാഴ്ചവെയ്പ്:

(അപ്പവും വീഞ്ഞും അൾത്താരയിൽ ഒരുക്കിവച്ചതിനു ശേഷം)

**വൈദികൻ:** വരുവിൻ നമുക്കു കർത്താവിനെ വാഴ്ത്താം.

**വൈദികനും ജനങ്ങളും:** നമ്മുടെ രക്ഷയ്ക്കുവേണ്ടി തന്നെത്തന്നെ ബലിയപ്പിക്കുകയും............ചെയ്ത

മിശിഹാവഴി ദൈവം ഈ ബലി സ്വീകരിക്കുമാറാകട്ടെ.

### 6. മുട്ടുകുത്തൽ:

(വൈദികനും ജനങ്ങളും മുട്ടുകുത്തുമ്പോൾ വൈദികൻ ചൊല്ലുന്നു)

കർത്താവേ, ഞങ്ങളുടെ മനസ്സിനെ എല്ലാ അശുദ്ധതയിലും......നിന്നു വിമുക്തമാക്കണമേ.........ഞങ്ങൾക്ക് ആത്മധൈര്യം നല്കുകയുംചെയ്യണമേ.
(വൈദികൻ എഴുന്നേല്ക്കുന്നു. ജനങ്ങൾ മുട്ടിന്മേൽത്തന്നെ നില്ക്കുന്നു)

### 7. കൂദാശവചനങ്ങൾ:



വൈദികൻ അപ്പമെടുത്തു് "ഇതു് ...........എന്റെ ശരീരമാകുന്നു. നിങ്ങൾ വാങ്ങി ഭക്ഷിക്കുവിൻ" എന്നും, കാസയെടുത്തു് "ഇതു്... ...എന്റെ രക്തമാകുന്നു. നിങ്ങൾ വാങ്ങി പാനം ചെയ്യുവിൻ" എന്നും പറയുന്നു.

**ജനം:** ആമ്മേൻ.

## 8. പരിശുദ്ധാത്മാവ്:



വൈദികൻ പ്രാർത്ഥിക്കുന്നു: കർത്താവായ ദൈവമേ, നിൻെറ പരിശുദ്ധാത്മാവ് എഴുന്നള്ളിവരട്ടെ.

വൈദികൻ: വിശുദ്ധകുർബാന വിശുദ്ധർക്കുള്ളതാകുന്നു.

സഹായി: സജീവനായ ദൈവത്തെ നമുക്കു പ്രകീർത്തിക്കാം.

## 9. കുർബാന സ്വീകരണം.



വൈദികൻ കുർബാന ഉൾക്കൊണ്ടുകഴിഞ്ഞ്, "മിശിഹായുടെ ശരീരവും രക്തവും നിത്യജീവൻ നല്കട്ടെ" എന്നു പറഞ്ഞുകൊണ്ടു ജനങ്ങൾക്കു കുർബാന നല്കുന്നു.

## 10. സമാപനം:

വൈദികൻ: "...... ദൈവത്തിൻെറ ജനമേ, നിങ്ങളുടെമേൽ അവിടുന്നു കൃപയും അനുഗ്രഹവും വർഷിക്കട്ടെ" എന്നു പറഞ്ഞു ജനങ്ങളെ ആശീർവ്വദിക്കുന്നു.

B ലത്തീൻ റീത്തിൽ

# ഈശോയോടുകൂടെയുള്ള നമ്മുടെ സമർപ്പണം



**1. നാം ക്രിസ്തുവിനോടു സഹായം അപേക്ഷിക്കുന്നു.** (മുട്ടുകുത്തുന്നു.)

പുരോ: **കർത്താവേ! കനിയണമേ!**

ജനം: **ക്രിസ്തുവേ, കനിയണമേ!**

എല്ലാവരും: **കർത്താവേ, കനിയണമേ!**



**2. നാം ദൈവത്തെ മഹത്വപ്പെടുത്തുന്നു.** (നില്ക്കുന്നു)

പുരോ: **അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം!**

ജനം: **ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനവും!**



### 3. നാം ദൈവവചനം ശ്രവിക്കുന്നു (നില്ക്കുന്നു)

പുരോ: **ദൈവത്തിന്റെ വചനം സത്യവും ദീപവുമാകുന്നു.**

ജനം: **അതു ജീവിതകാലം മുഴുവൻ നമ്മെ നയിക്കും.**

പുരോ: **ഈശോ അരുൾചെയ്യുന്നു: "എന്തെന്നാൽ, ഞാൻ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്നതു് എന്റെ ഇഷ്ടം ചെയ്യുന്നതിനല്ല. പ്രത്യുത, എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്യുന്നതിനാണ്."**

**സ്വർഗ്ഗത്തിൽനിന്നു് ഇറങ്ങിവന്ന ജീവനുള്ള അപ്പം ഞാനാകുന്നു. ഈ അപ്പം ഭക്ഷിക്കുന്നവൻ നിത്യം ജീവിക്കും (യോഹ. 6 : 38 - 40, 50 - 52).**

ജനം: **ഈശോമിശിഹായേ, അങ്ങേയ്ക്കു സ്തുതി!**

പുരോ: **ആകാശവും ഭൂമിയും സൃഷ്ടിച്ച പിതാവായ ദൈവത്തിൽ.........**

ജനം: **ഞാൻ വിശ്വസിക്കുന്നു.**



4. പുരോഹിതൻ അപ്പവും വീഞ്ഞും കാഴ്ചവെയ്ക്കുന്നു.

(എല്ലാവരും ഇരിയ്ക്കുന്നു)



പുരോ: ദൈവമേ, ഈ അപ്പവും വീഞ്ഞും അങ്ങു സ്വീകരിക്കണമേ.

ജനം: ഇവവഴി ഞങ്ങൾ ഞങ്ങളെത്തന്നെ അങ്ങേയ്ക്കുസമർപ്പിക്കുന്നു.



5. ഈശോയുടെ ബലിയിൽ നമ്മെ പങ്കുകാരാക്കണമെന്ന് നാം പ്രാർത്ഥിക്കുന്നു

പുരോ: വെള്ളം വീഞ്ഞോടുകൂടി ച്ചേരുന്നതുപോലെ

ജനം: ഞങ്ങൾ ഈശോയോട് ഒന്നായിച്ചേരട്ടെ.

പുരോ: പല കോതമ്പുമണികൾ ചേൻ അപ്പമായിത്തീരുന്നതുപോലെ

ജനം: ഞങ്ങൾ ഈശോയോടൊന്നായിച്ചേരട്ടെ.

പുരോ: പല മുന്തിരിപ്പഴം ചേൻ വീഞ്ഞായിത്തീരുന്നതുപോലെ

ജനം: ഞങ്ങൾ ഈശോയോടൊന്നായിച്ചേരട്ടെ.



**6. നാം ഹൃദയങ്ങളുയർത്തി ദൈവത്തെ സ്തുതിക്കുന്നു.**

പുരോ: **കർത്താവായ ദൈവമേ,**

ജനം: **ഞങ്ങൾ എപ്പോഴും എല്ലായിടത്തും അങ്ങേയ്ക്കു നന്ദിപറയുന്നു.**

**7. ഭൂമിയിലുള്ള ദൈവകുടുംബത്തിനുവേണ്ടി നാം പ്രാർത്ഥിക്കുന്നു:**

പുരോ: **കർത്താവേ, ഞങ്ങൾക്കുവേണ്ടിയും ഞങ്ങളുടെ കുടുംബാംഗങ്ങൾക്കുവേണ്ടിയും ഞങ്ങൾ പ്രാർത്ഥിക്കുന്നു.**

ജനം: **ഇവിടെ സന്നിഹിതരായിരിക്കുന്നവർക്കും അങ്ങയെ സ്നേഹിക്കുന്ന സകലർക്കും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു. (എല്ലാവരും) അങ്ങയുടെ പുത്രനായ ഈശോമിശിഹാവഴി ഞങ്ങളെല്ലാവരേയും നിത്യജീവിതത്തിലേക്കു നയിക്കണമേ.**

**8. പരമോൽകൃഷ്ടമായ കാഴ്ച സമർപ്പിക്കപ്പെടുന്നു:**

**ഈശോ പീഡാനുഭവത്തിന്റെ തലേന്നാൾ തൃക്കൈകളിൽ അപ്പമെടുത്തു കൃതജ്ഞതാസ്തോത്രം ചൊല്ലി, ഭാഗിച്ചു ശിഷ്യന്മാർക്കു കൊടുത്തുകൊണ്ടു് കല്പിച്ചരുളി: "എല്ലാവരും ഇതു വാങ്ങി ഭക്ഷിക്കുവിൻ: എന്തുകൊണ്ടെന്നാൽ, ഇതു് എന്റെ ശരീരമാകുന്നു." അപ്രകാരം**

തന്നെ, അവിടുന്നു വിശിഷ്ടമായ ഈ പാനപാത്രമെടുത്തു് വീണ്ടും കൃതജ്ഞതാസ്തോത്രം ചൊല്ലി ശിഷ്യന്മാർക്കു കൊടുത്തുകൊണ്ടു കല്പിച്ചരുളി: "എല്ലാവരും ഇതിൽ നിന്നു വാങ്ങി കുടിക്കുവിൻ, എന്തുകൊണ്ടെന്നാൽ, ഇതു് എന്റെ രക്തം ആകുന്നു."

പുരോഹിതൻ അപ്പമെടുത്തുകൊണ്ടു പറയുന്നു

പുരോഹിതൻ വീഞ്ഞെടുത്തുകൊണ്ടു പറയുന്നു



ഇതു് എന്റെ ശരീരമാകുന്നു.

ഇതു് എന്റെ രക്തമാകുന്നു.

ക്രിസ്തു തന്നെത്ത
ന്നെ സ്വർഗ്ഗസ്ഥനാ
യ തൻെറ പിതാ
വിനു സമർപ്പി
ക്കുന്നു.

ക്രിസ്തു തൻെറ
സമർപ്പണത്തി
ൽ പങ്കുചേരാ
ൻ നമ്മെ ക്ഷ
ണിക്കുന്നു.

9. നാം ക്രിസ്തുവിനെ ദൈവത്തിനു കാഴ്ചയർപ്പിക്കുന്നു.

പുരോ: **ആകയാൽ, പിതാവേ,... പവിത്രവും നിർമ്മലവുമായ ഈ ദിവ്യബലിയും കരുണയോടെ കടാക്ഷിച്ച് പ്രീതിപൂർവ്വം കൈക്കൊള്ളണമേ,**



10. സ്വർഗ്ഗസ്ഥനായ പിതാവിനോട് നാം പ്രാർത്ഥിക്കുന്നു.

എല്ലാ: **സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, ..........**

പുരോ: **"ദൈവമേ, അങ്ങേയ്ക്കു ക്രിസ്തുവിലൂടെ, ക്രിസ്തുവിനോടുകൂടെ, ക്രിസ്തുവിൽത്തന്നെ, പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിൽ എല്ലാ മഹിമയും ആരാധനയും എന്നും എന്നേയ്ക്കും."**



എല്ലാവരും: **ആമ്മേൻ.**

## 11. വിശുദ്ധകർബാനവഴി ഈശോ നമ്മിലേയ്ക്കു വരുന്നു.



**പുരോ:** ഈശോയേ, അങ്ങു് എന്റെ ആത്മാവിന്റെ ജീവനാകുന്നു.

**ജനം:** അങ്ങു വന്നു് എല്ലായ്പോഴും എന്നോടുകൂടെ വസിക്കേണമേ.

**എല്ലാ:** നമ്മുടെ കർത്താവീശോമിശിഹായുടെ ശരീരം എന്റെ ആത്മാവിനെ നിത്യജീവിതം വരെ സൂക്ഷിക്കട്ടെ.

## 12. ദിവ്യകാരുണ്യമെന്ന മഹാദാനത്തെപ്രതി നാം ദൈവത്തിനു നന്ദിപറയുന്നു:

**പുരോ:** എന്റെ പിതാവായ ദൈവം എത്ര വലിയ അനുഗ്രഹമാണു് എനിക്കു നല്കിയിരിക്കുന്നതു്!

**ജനം:** ഞാൻ അവിടുത്തേയ്ക്കു് എന്തു തിരിയെക്കൊടുക്കും?

**പുരോ:** ഞാൻ ഈശോയോടുകൂടെ എന്നെ മുഴുവൻ ദൈവത്തിനു സമർപ്പിക്കും.

**ജനം:** എല്ലാക്കാര്യങ്ങളിലും ദൈവതിരുമനസ്സുപോലെ പ്രവർത്തിക്കുകയും ചെയ്യും.

## 13. വിശുദ്ധകർബാന ജീവിതത്തിൽ പകൎത്തുവാൻ നമ്മെ അയയ്ക്കുന്നു.

പുരോ: നമുക്കു പോകാം; നമ്മുടെ പിതാവായ ദൈവത്തെ സ്നേഹിക്കാം.


ജനം: നമ്മുടെ സഹോദരങ്ങളേയും നമുക്കു സ്നേഹിക്കാം.

എല്ലാ: പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ദൈവത്തിന്റെ അനുഗ്രഹം നമ്മോടുകൂടെ എപ്പോഴും ഉണ്ടായിരിക്കട്ടെ.

ആമ്മേൻ.



## C മലങ്കരറീത്തിൽ



### 1. പള്ളിയകത്തു പ്രവേശിക്കുമ്പോൾ ചൊല്ലേണ്ട പ്രാർത്ഥന:

ദൈവമേ, ബഹുമതിപൂർവ്വം ഞാൻ നിന്റെ ഭവനത്തിലേക്കു വന്നു് എന്റെ നേർച്ചകളെ കഴിക്കും.

### 2. വിശുദ്ധകുർബ്ബാനയ്ക്കു മുമ്പു ചൊല്ലാവുന്ന ഒരു പ്രാർത്ഥന:

പരിശുദ്ധത്രിത്വമേ, ഞങ്ങളോടു കരുണയുണ്ടാകണമേ. പരിശുദ്ധത്രിത്വമേ, ഞങ്ങളുടെ കടങ്ങളും പാപങ്ങളും ക്ഷമിക്കണമേ.

പരിശുദ്ധത്രിത്വമേ, ഈ പരിശുദ്ധ കുർബ്ബാനയെ പാപികളായ ഞങ്ങളിൽനിന്നു കൈക്കൊള്ളണമേ. ഞങ്ങളുടേയും സത്യവിശ്വാസത്തോടെ നിന്നെ നോക്കി വിളിക്കുന്ന എല്ലാവരുടേയും പാപങ്ങളും കുററങ്ങളും ക്ഷമിക്കുകയും പരിഹരിക്കുകയും ചെയ്യണമേ.

ഞങ്ങളുടെ മാതാപിതാക്കൾക്കും സഹോദരങ്ങൾക്കും ഗുരുക്കന്മാർക്കും വിശ്വാസികളായ സകല പരേതർക്കും നല്ല ഓർമ്മ ഉണ്ടാക്കണമേ. പ്രത്യേകം ഇന്നു് ഈ വിശുദ്ധ കുർബ്ബാനയിൽ ഓർക്കപ്പെടുന്നവർക്കു് നിന്റെ അനുഗ്രഹം പ്രത്യേകമായി നല്കണമേ.





ഹമ്മീറാ (പുളിപ്പുള്ള അപ്പം): മലങ്കരറീത്തിൽ വിശുദ്ധകുർബാനയ്ക്കു പുളിപ്പുള്ള കോതമ്പപ്പമാണ് ഉപയോഗിക്കുന്നതു്.

മുന്തിരിപ്പഴത്തിൽനിന്നു് എടുത്ത വീഞ്ഞു്.



## 3. അപ്പവും വീഞ്ഞും കാഴ്ച വയ്ക്കുന്നു:



കാഴ്ചവെപ്പുസമയത്തു ചൊല്ലുന്ന ഗീതം:

വെളിവുനിറഞ്ഞോരീശോ നിൻ
വെളിവാൽ കാണുന്നു
വെളിവീയടിയാരഖിലാധാരമ
താം വെളിവും നീ
കാന്ത്യാ ഞങ്ങളെ നീ താതൻ
കതിരേ ശോഭിപ്പിക്കെന്നും.

## 4. വിശുദ്ധകർബാനയ്ക്കുള്ള പൊതു നിയോഗങ്ങൾ:

1. സർവ്വാധിനാഥന്റെ മഹിമപ്രതാപത്തിനു് ആരാധനയായി;
2. ദൈവം നമുക്കു ചെയ്തിട്ടുള്ള എണ്ണമില്ലാത്ത നന്മകൾക്കു സ്തോത്രമായി;
3. നമ്മുടെ പാപങ്ങളുടെ പരിഹാരത്തിനായി;
4. നമുക്കാവശ്യമായ സർവ്വവിധ നന്മകളേയും യേശുമിശിഹായുടെ യോഗ്യതകളാൽ അപേക്ഷിച്ചു് പ്രാപിക്കുന്നതിനായി.

## 5. ദൈവമേ, നീ പരിശുദ്ധനാകുന്നു എന്ന പ്രാർത്ഥന:



(വിശുദ്ധകുർബാന പരസ്യമായി ആരംഭിച്ചതിനുശേഷം)


കർമ്മി: ദൈവമേ, നീ പരിശുദ്ധനാകുന്നു.

ജനം: ബലവാനേ, നീ പരിശുദ്ധനാകുന്നു. മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു

ഞങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടവനേ, ഞങ്ങളെ അനുഗ്രഹിക്കണമേ.

(മൂന്നു പ്രാവശ്യം ചൊല്ലുന്നു)

## 6. സുവിശേഷ വായന:



(ദൈവം നമ്മോടു സംസാരിക്കുന്നു)

കർമ്മി: നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടായിരിക്കട്ടെ.

ജനം: അവിടുത്തെ ആത്മാവോടുകൂടെ ദൈവമായ കർത്താവു ഞങ്ങളേയും ഈ സമാധാനത്തിനു യോഗ്യരാക്കിത്തീർക്കുമാറാകട്ടെ.

(തുടർന്ന് സുവിശേഷം വായിച്ച് അവസാനിപ്പിക്കുന്നു)

## 7. മാലാഖമാരുടെ സ്തുതി:



കമ്മി.......... സ്രോപ്പേന്മാരെപ്പോലെ മൂന്നു പ്രാവശ്യം ഉച്ചത്തിൽ "പരിശുദ്ധൻ" എന്നു പാടി നിന്നെ മഹത്വപ്പെടുത്തുന്നു.

ജനം: തൻെറ സ്തുതികളാൽ ആകാശവും ഭൂമിയും നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവംതമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ.

ഉയരങ്ങളിൽ ഊശാനാ ദൈവമായ കർത്താവിൻെറ തിരുനാമത്തിൽ വന്നവനും, വരുവാനിരിക്കുന്നവനും ആയവൻ വാഴ്ത്തപ്പെട്ടവനാകുന്നു. ഉയരങ്ങളിൽ സ്തുതി.

## 8. അപ്പവും വീഞ്ഞും വാഴ്ത്തി കർത്താവിൻെറ തിരുശ്ശരീരരക്തങ്ങളാക്കുന്നു.



ജനം: ആമ്മീൻ



ജനം: ആമ്മീൻ

## 9. വിശുദ്ധകുർബാന പടിഞ്ഞാറോട്ട് എഴുന്നള്ളിക്കുന്നു:



**ജനം:** ഞങ്ങളുടെ കർത്താവേ, ഞങ്ങളെ അനുഗ്രഹിക്കണമെ. ഞങ്ങളുടെ കർത്താവേ, കൃപയുണ്ടായി ഞങ്ങളെ അനുഗ്രഹിക്കണമെ. ഞങ്ങളുടെ കർത്താവേ, ഉത്തരമരുളി ഞങ്ങളെ അനുഗ്രഹിക്കണമെ. ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി. എന്നേക്കും ഞങ്ങൾക്കുള്ള ശരണമേ, നിനക്കു സ്തുതി. ബാറക്മോർ.

## 10. വി. കുർബാന സ്വീകരണം:



**കർമ്മി:** നമ്മുടെ ദൈവമായ മിശിഹായുടെ തിരുശ്ശരീരരക്തങ്ങളാകുന്ന പുണ്യമുണ്ടാകുന്ന തീക്കട്ട; എന്നേക്കും കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനുമായി സത്യവിശ്വാസിക്കു നല്കപ്പെടുന്നു.


## 11. വി. കുർബാന കൊടുക്കുമ്പോൾ ചൊല്ലാവുന്ന ഗീതം

അഗ്നിമയന്മാ-രാരെ നോക്കിൽ വിറച്ചിടുന്നു
അവനെ മേശയി-ലപ്പം വീണ്ടായ് നീ കാണുന്നു
ആരെ മിന്നലുടുത്തവർ നോക്കുകി-ലെരിയുന്നുടനെ
അവനെ മൺമയർ ഭക്ഷിച്ചു മുഖം-തെളിയുന്നേറം.

## 12. അവസാന പ്രാർത്ഥന

കാർമ്മി:

ഈശോ, ഞങ്ങളെ വാഴ്ത്തണമേ.
കാക്കണമേ സ്രഷ്ടാവേ, നീ
കാണിക്കണമേ ജീവ വഴി
നാഥാ, ഞങ്ങടെ പാലകനേ.



ജനം:

കാഴ്ചയിതിൽ കർത്താവേ, നിൻ
തിരുവുള്ളം തുഷ്ടിപ്പെട്ട്-
നല്ല മരിച്ചോർ പുണ്യപ്പെ-
ട്ടീറയരാനന്ദിക്കേണം.



# 23

## ഞാൻ നിങ്ങൾക്കു സ്ഥലമൊരുക്കുവാൻ പോകുന്നു

ഈശോ ഉയിർത്തതിന്റെ നാല്പതാം ദിവസം ശിഷ്യന്മാരുമായി ഒലിവു മലയിലേയ്ക്കു പോയി. അവരെ അനുഗ്രഹിച്ചതിനു ശേഷം അവരോടു കല്പിച്ചു: "നിങ്ങൾ പോയി എല്ലാ ജനതകളേയും പഠിപ്പിക്കുവിൻ. പിതാവിന്റേയും പുത്രന്റേയും പരിശുദ്ധാത്മാവിന്റേയും നാമത്തിൽ അവർക്കു മാമ്മോദീസ നല്കുവിൻ. ഞാൻ

ആജ്ഞാപിച്ചിട്ടുള്ളവ അനുഷ്ഠിക്കുവാൻ അവരെ അഭ്യസിപ്പിക്കുവിൻ. ഞാൻ ലോകാവസാനം വരെ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും." അനന്തരം, അവിടുന്നു സ്വർഗ്ഗത്തിലേക്ക്, തൻെറ പിതാവിൻെറ അടുക്കലേക്ക് ആരോഹണം ചെയ്തു.

ഈലോകത്തിൽ ഈശോ നമ്മോടു കല്പിച്ച കാര്യങ്ങൾ അനുഷ്ഠിച്ചാൽ നാമും സ്വർഗ്ഗത്തിലേക്കു പോകും. ഈശോയുടെ ഉപദേശമനുസരിച്ചു ജീവിക്കാൻ ഞാൻ ശ്രമിക്കും. അപ്രകാരം ജീവിക്കാൻ മററുള്ളവരെ സഹായിക്കുകയും ചെയ്യും.

## ഓർമ്മിക്കാൻ

1. സ്വർഗ്ഗാരോഹണസമയത്ത് ഈശോ കൂടെയുണ്ടായിരുന്നവരോടു എന്തു് പറഞ്ഞു?

2. സ്വർഗ്ഗത്തിലെത്താൻ നാം എന്തു ചെയ്യണം?

## പ്രവർത്തിക്കാൻ

ഈശോയെപ്പററി എനിക്കറിവുള്ള കാര്യങ്ങൾ ഞാൻ അന്യരോടു പറയും.

ഈശോയുടെ ജീവചരിത്രം പത്തു വാചകങ്ങളിൽ എഴുതുക.

മററുള്ളവർക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കും.



# 24

## ഭൂമിയിൽ ദൈവത്തിൻെറ ജനം

ഈശോയുടെ സ്വർഗ്ഗാരോഹണത്തിനു ശേഷം ശ്ലീഹന്മാർ മാതാവുമൊരുമിച്ചു സെഹിയോൻഊട്ടുശാലയിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്നു. നേരത്തേ പറഞ്ഞിരുന്നതുപോലെ ഈശോ പരിശുദ്ധാത്മാവിനെ അവരുടെ പക്കലേക്ക് അയച്ചു. പരിശുദ്ധാത്മാവ് തീനാളങ്ങളുടെ രൂപത്തിൽ അവരുടെമേൽ ഇറങ്ങി. പരിശുദ്ധാത്മാവിനെക്കുറിച്ച് ഈശോ അവരോടു പറഞ്ഞിരു

ന്നു. "എന്റെ നാമത്തിൽ പിതാവയയ്ക്കുന്ന പരിശുദ്ധാത്മാവു സകലതും നിങ്ങൾക്കു വിശദമാക്കിത്തരും. ഞാൻ നിങ്ങളോടു പറഞ്ഞിട്ടുള്ളവയെല്ലാം നിങ്ങളെ അനുസ്മരിപ്പിക്കുകയും ചെയ്യും." ആ പന്തക്കുസ്താദിവസം മുതൽ ശ്ലീഹന്മാർ ജനങ്ങളെ പഠിപ്പിക്കുവാനും അവർക്കു മാമ്മോദീസ നല്കുവാനും തുടങ്ങി. അനേകർ വിശ്വസിച്ചു മാമ്മോദീസ സ്വീകരിച്ചു. അങ്ങനെ ദൈവജനം രൂപം കൊണ്ടു.

## ഓർമ്മിക്കാൻ

1. പരിശുദ്ധാത്മാവിനെപ്പററി ഈശോ ശിഷ്യന്മാരോട് എന്തു പറഞ്ഞു ?
2. പരിശുദ്ധാത്മാവിനെ സ്വീകരിച്ചതിനുശേഷം ശിഷ്യന്മാർ എന്തു ചെയ്തു ?
3. ഏതു സമൂഹത്തെയാണ്, ദൈവജനമെന്നു വിളിക്കുന്നത് ?

## ഈശോയുടെ വാക്കുകൾ

"പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങിലും ഒന്നായിരിക്കുന്നതുപോലെ അവരും നമ്മിൽ ഒന്നായിരിക്കാൻ ഞാൻ പ്രാർത്ഥിക്കുന്നു." (യോഹ: 17:20, 21)

## പ്രവർത്തിക്കാൻ

സഭയുടെ അംഗമായതിൽ ഞാൻ അഭിമാനിക്കും.


താഴെപ്പറയുന്ന വാക്കുകൾ ഉപയോഗിച്ചു പൂരിപ്പിക്കുക:


[പ്രസാദവരജീവൻ, ആത്മാവു്, മൂന്നാമത്തെ, ദൈവത്തിൻെറ]

പരിശുദ്ധ ..........................................പരിശുദ്ധ ത്രിത്വത്തിൻെറ......................................ആളാകുന്നു.

പരിശുദ്ധാത്മാവു ദൈവത്തിൻെറ............... .... എനിക്കു തരുന്നു.

അവിടുന്നു്........................മകനാ (ളാ) കുവാൻ എന്നെ സഹായിക്കുന്നു.





# 25

# എൻെറ സൗഭാഗ്യം ദൈവത്തിൽ

ഈശോ അരുൾചെയ്തു: "നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ ഞാൻ പോകുന്നു." സ്വർഗ്ഗമാണു നമ്മുടെ നിത്യഭവനം. അവിടെ നമുക്കു സ്ഥലമൊരുക്കുവാനാണു് ഈശോ പോയിരിക്കുന്നതു്. അവിടുന്നു നമ്മെ കാത്തിരിക്കുന്നു; സ്വർഗ്ഗീയവിരുന്നിനു നമ്മെ ക്ഷണിക്കുന്നു. അവിടെ പരിശുദ്ധാത്മാവു സ്വർഗ്ഗീയാനന്ദം കൊണ്ടു് നമ്മെ നിറയ്ക്കും. സ്വർഗ്ഗത്തിൽ ദൈവത്തോടൊന്നിച്ചു് ആനന്ദിക്കുക എത്ര വലിയ ഭാഗ്യമാണു്! ഈ ഭാഗ്യം കി

ട്ടണമെങ്കിൽ നാം അങ്ങയെ അറിയുകയും സ്നേഹിക്കുക യും സേവിക്കുകയും വേണം. ഈശോയാണ് സ്വർഗ്ഗത്തി ലേക്കുള്ള നമ്മുടെ വഴി.

### ഓർമ്മിക്കാൻ

"ഞാൻ വഴിയും സത്യവും ജീവനും ആകുന്നു. എന്നിലൂടെയല്ലാതെ ഒരുവനും എന്റെ പിതാവിന്റെ അടുക്കലേയ്ക്കു വരുന്നില്ല" (യോഹ: 14:6).

"ഞാൻ നിങ്ങൾക്കു് ഒരു മാതൃക കാണിച്ചു തന്നു. ഞാൻ നിങ്ങളോടു ചെയ്തതുപോലെ നിങ്ങളും ചെയ്യുവിൻ" (യോഹ. 13:15).

### പ്രവർത്തിക്കാൻ

വേദപാഠക്ലാസ്സിൽ ഞാൻ ഉത്സാഹപൂർവ്വം പഠിക്കും.



## ഏതാനും പ്രാർത്ഥനകൾ

കുരിശിൻെറ അടയാളം

ചെറുത്

പിതാവിൻേറയും പുത്രൻേറയും ✠ പരിശുദ്ധാത്മാവിൻേറയും നാമത്തിൽ. ആമ്മേൻ.

വലുത്

വിശുദ്ധ കുരിശിൻെറ ✠ അടയാളത്താൽ ഞങ്ങളുടെ ✠ ശത്രുക്കളിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ ✠ ഞങ്ങളുടെ തമ്പുരാനേ! പിതാവിൻേറയും പുത്രൻേറയും ✠ പരിശുദ്ധാത്മാവിൻേറയും നാമത്തിൽ. ആമ്മേൻ.

ത്രിത്വസ്തുതി

പിതാവിനും പുത്രനും ✠ പരിശുദ്ധാത്മാവിനും സ്തുതി; ആദിയിലേപ്പോലെ ഇപ്പോഴും എപ്പോഴും എന്നേക്കും. ആമ്മേൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ!

(കർത്താവിൻെറ പ്രാർത്ഥന)

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, അങ്ങയുടെ നാമം പൂജിതമാകണമേ; അങ്ങയുടെ രാജ്യം വരണമേ; അങ്ങയുടെ തിരുമനസ്സു സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലുമാകണമേ.

അന്നന്നു വേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു തരണമേ; ഞങ്ങളോടു തെററു ചെയ്യുന്നവരോടു ഞങ്ങൾ ക്ഷമിക്കുന്നതുപോലെ ഞങ്ങളുടെ തെററുകൾ ഞങ്ങളോടും ക്ഷമിക്കണമേ; ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ; തിന്മയിൽ നിന്നു ഞങ്ങളെ രക്ഷിക്കണമേ. ആമ്മേൻ.

നന്മനിറഞ്ഞ മറിയം

നന്മനിറഞ്ഞ മറിയമേ, സ്വസ്തി! കർത്താവ് അങ്ങയോടുകൂടെ; സ്ത്രീകളിൽ അങ്ങ് അനുഗ്രഹിക്കപ്പെട്ടവളാകുന്നു; അങ്ങയുടെ ഉദരത്തിൻ ഫലമായ ഈശോ അനുഗ്രഹിക്കപ്പെട്ടവനാകുന്നു.

പരിശുദ്ധമറിയമേ, തമ്പുരാൻെറ അമ്മേ, പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും തമ്പുരാനോട്ട് അപേക്ഷിക്കണമേ. ആമ്മേൻ.

## വിശ്വാസപ്രമാണം

സർവ്വശക്തനായ പിതാവും ആകാശത്തിൻേറയും ഭൂമിയുടേയും സ്രഷ്ടാവുമായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു. അവിടുത്തെ ഏകപുത്രനും ഞങ്ങളുടെ കർത്താവുമായ ഈശോമിശിഹായിലും വിശ്വസിക്കുന്നു. ഈ പുത്രൻ പരിശുദ്ധാത്മാവാൽ ഗർഭസ്ഥനായി കന്യകാമറിയത്തിൽ നിന്നു പിറന്നു; പന്തിയോസ് പീലാത്തോസിൻെറ കാലത്തു പീഡകൾ സഹിച്ച്, കുരിശിൽ തറയ്ക്കപ്പെട്ട്, മരിച്ച്, അടക്കപ്പെട്ടു; പാതാളത്തിൽ ഇറങ്ങി, മരിച്ചവരുടെ ഇടയിൽനിന്നു മൂന്നാം നാൾ ഉയിർത്തു; സ്വർഗ്ഗത്തിലേക്കെഴുന്നള്ളി സർവ്വശക്തിയുള്ള പിതാവായ ദൈവത്തിൻെറ വലത്തുഭാഗത്ത് ഇരിക്കുന്നു; അവിടെ നിന്നു ജീവിക്കുന്നവരേയും മരിച്ചവരേയും വിധിക്കാൻ വരുമെന്നും ഞാൻ വിശ്വസിക്കുന്നു. പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു. പരിശുദ്ധ കത്തോലിക്കാ സഭയിലും, പുണ്യവാന്മാരുടെ ഐക്യത്തിലും, പാപങ്ങളുടെ മോചനത്തിലും, ശരീരത്തിൻെറ ഉയിർപ്പിലും, നിത്യമായ ജീവിതത്തിലും ഞാൻ വിശ്വസിക്കുന്നു. ആമ്മേൻ.

## കുമ്പസാരത്തിനുള്ള ജപം

സർവ്വശക്തനായ ദൈവത്തോടും, നിത്യകന്യകയായ പരിശുദ്ധ മറിയത്തോടും, പ്രധാനമാലാഖയായ വിശുദ്ധ മിഖായേലിനോടും, വിശുദ്ധസ്നാപകയോഹന്നാനോടും, ശ്ലീഹന്മാരായ വിശുദ്ധ പത്രോസിനോടും, വിശുദ്ധ പൗലോസിനോടും, വിശുദ്ധ തോമ്മായോടും, സകല വിശുദ്ധരോടും, പിതാവേ, അങ്ങയോടും ഞാൻ ഏററുപറയുന്നു; വിചാരത്താലും, വാക്കാലും, പ്രവൃത്തിയാലും ഞാൻ വളരെ പാപം ചെയ്തുപോയി; എൻെറ പിഴ; എൻെറ പിഴ; എൻെറ വലിയ പിഴ.

ആകയാൽ, നിത്യകന്യകയായ പരിശുദ്ധ മറിയത്തോടും, പ്രധാന മാലാഖയായ വിശുദ്ധ മിഖായേലിനോടും, വിശുദ്ധ സ്നാപകയോഹന്നാനോടും, ശ്ലീഹന്മാരായ വിശുദ്ധ പത്രോസിനോടും, വിശുദ്ധ പൗലോസിനോടും, വിശുദ്ധ തോമ്മായോടും, സകല വിശുദ്ധരോടും, പിതാവേ, അങ്ങയോടും നമ്മുടെ കർത്താവായ ദൈവത്തോട് എനിക്കുവേണ്ടി പ്രാർത്ഥിക്കണമേ എന്നു ഞാനപേക്ഷിക്കുന്നു. ആമ്മേൻ.

ത്രിസന്ധ്യാജപങ്ങൾ

**സാധാരണ ത്രിസന്ധ്യാജപം**

**കർത്താവിന്റെ മാലാഖ പരിശുദ്ധ മറിയത്തോട് വചിച്ചു; പരിശുദ്ധാത്മാവാൽ മറിയം ഗർഭം ധരിച്ചു. 1. നന്മ.**

**ഇതാ, കർത്താവിന്റെ ദാസി! നിന്റെ വചനംപോലെ എന്നിലാകട്ടെ. 1. നന്മ.**

**വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. 1. നന്മ.**

**ഈശോമിശിഹായുടെ വാഗ്ദാനങ്ങൾക്കു ഞങ്ങൾ യോഗ്യരാകുവാൻ,**

**സർവ്വേശ്വരന്റെ പരിശുദ്ധ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.**

പ്രാർത്ഥിക്കാം

**സർവ്വേശ്വരാ, മാലാഖയുടെ സന്ദേശത്താൽ അങ്ങയുടെ പുത്രനായ ഈശോമിശിഹായുടെ മനുഷ്യാവതാരവാർത്ത അറിഞ്ഞിരിക്കുന്ന ഞങ്ങൾ അവിടുത്തെ പീഡാനുഭവവും കുരിശുമരണവും മുഖേന ഉയിർപ്പിന്റെ മഹിമ പ്രാപിക്കാൻ അനുഗ്രഹിക്കണമേ എന്നു ഞങ്ങളുടെ കർത്താവായ ഈശോ മിശിഹാവഴി അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ. 3 ത്രിത്വ.**

പരിശുദ്ധ രാജ്ഞി ("രാജകന്യകേ")

**പരിശുദ്ധ രാജ്ഞീ, കരുണയുടെ മാതാവേ, സ്വസ്തി! ഞങ്ങളുടെ ജീവനും മാധുര്യവും ശരണവുമേ, സ്വസ്തി! ഹാവായുടെ പുറംതള്ളപ്പെട്ട മക്കളായ ഞങ്ങൾ അങ്ങേ പക്കൽ നിലവിളിക്കുന്നു. കണ്ണുനീരിന്റെ ഈ താഴ്‌വരയിൽനിന്നു വിങ്ങിക്കരഞ്ഞു് അങ്ങേ പക്കൽ ഞങ്ങൾ നെടുവീർപ്പിടുന്നു. ആകയാൽ, ഞങ്ങളുടെ മദ്ധ്യസ്ഥേ, അങ്ങയുടെ കരുണയുള്ള കണ്ണുകൾ ഞങ്ങളുടെ നേരെ തിരിക്കണമേ. ഞങ്ങളുടെ ഈ പ്രവാസത്തിനു ശേഷം അങ്ങയുടെ ഉദരത്തിന്റെ അനുഗ്രഹീത ഫലമായ ഈശോയെ ഞങ്ങൾക്കു കാണിച്ചുതരണമേ. കരുണയും, വാത്സല്യവും, മാധുര്യവും നിറഞ്ഞ കന്യകാമറിയമേ! ആമ്മേൻ.**

## ദൈവകല്പനകൾ പത്ത്

1. നിൻെറ കർത്താവായ ദൈവം ഞാനാകുന്നു; ഞാനല്ലാതെ മററൊരു ദൈവം നിനക്കുണ്ടാകരുത്.
2. ദൈവത്തിൻെറ തിരുനാമം വൃഥാ പ്രയോഗിക്കരുത്.
3. കർത്താവിൻെറ ദിവസം പരിശുദ്ധമായി ആചരിക്കണം.
4. മാതാപിതാക്കന്മാരെ ബഹുമാനിക്കണം.
5. കൊല്ലരുത്.
6. വ്യഭിചാരം ചെയ്യരുത്.
7. മോഷ്ടിക്കരുത്.
8. കള്ളസ്സാക്ഷി പറയരുത്.
9. അന്യൻെറ ഭാര്യയെ മോഹിക്കരുത്.
10. അന്യൻെറ വസ്തുക്കൾ മോഹിക്കരുത്.

## ഈ പത്തു കല്പനകൾ രണ്ടു കല്പനകളിൽ സംഗ്രഹിക്കാം:

1. എല്ലാററിലും ഉപരിയായി ദൈവത്തെ സ്നേഹിക്കണം.
2. തന്നെപ്പോലെ മററുള്ളവരേയും സ്നേഹിക്കണം.

## തിരുസ്സഭയുടെ കല്പനകൾ അഞ്ച്

1. ഞായറാഴ്ചകളിലും കടപ്പെട്ട തിരുനാളുകളിലും മുഴുവൻകുർബാനയിൽ പങ്കുകൊള്ളണം; ആ ദിവസങ്ങളിൽ വിലക്കപ്പെട്ട വേലകൾ ചെയ്യുകയുമരുത്.

2. ആണ്ടിലൊരിക്കലെങ്കിലും കുമ്പസാരിക്കുകയും പെസഹക്കാലത്തു പരിശുദ്ധ കുർബാന ഉൾക്കൊള്ളുകയും ചെയ്യണം.

3. നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ ഉപവസിക്കുകയും വിലക്കപ്പെട്ട ഭക്ഷണസാധനങ്ങൾ വർജ്ജിക്കുകയും ചെയ്യണം.

4. വിലക്കപ്പെട്ട കാലത്തു് വിവാഹം ആഘോഷിക്കുകയോ, തിരുസ്സഭ വിലക്കിയിരിക്കുന്ന ആളുകളുമായി വിവാഹം നടത്തുകയോ ചെയ്യരുത്.

5. ദൈവാലയത്തിനും ദൈവശുശ്രൂഷകർക്കും, വൈദികാദ്ധ്യക്ഷൻ നിശ്ചയിച്ചിട്ടുള്ള പതവാരവും മററു് ഓഹരികളും കൊടുക്കണം.

## കൂദാശകൾ ഏഴ്

1. മാമ്മോദീസ (ജ്ഞാനസ്നാനം)
2. സ്ഥൈര്യലേപനം
3. കർബാന (ദിവ്യകാരുണ്യം)
4. കുമ്പസാരം
5. രോഗിലേപനം
6. തിരുപ്പട്ടം
7. വിവാഹം

## നല്ലകുമ്പസാരത്തിനുവേണ്ട കാര്യങ്ങൾ അഞ്ച്

1. പാപങ്ങളെല്ലാം ക്രമമായി ഓർക്കുന്നത്.
2. പാപങ്ങളെക്കുറിച്ചു പശ്ചാത്തപിക്കുന്നത്.
3. മേലിൽ പാപംചെയ്കയില്ലെന്നു പ്രതിജ്ഞചെയ്യുന്നത്.
4. ചെയ്തുപോയ മാരകപാപങ്ങളെങ്കിലും വൈദികനെ അറിയിക്കുന്നത്.
5. വൈദികൻ കല്പിക്കുന്ന പ്രായശ്ചിത്തം നിറവേററുന്നത്.

## പരിശുദ്ധകുർബാന യോഗ്യതയോടെ ഉൾക്കൊള്ളുവാൻ വേണ്ട കാര്യങ്ങൾ മൂന്ന്

1. പ്രസാദവരം ഉണ്ടായിരിക്കുന്നത്.
2. ദിവ്യകാരുണ്യ സ്വീകരണത്തിനുമുമ്പ് ഒരു മണിക്കൂർ നേരത്തേക്ക് ഉപവസിക്കുന്നത്. (വെള്ളം കുടിക്കുന്നത് ഉപവാസലംഘനമല്ല.)
3. വേണ്ടത്ര ഭക്തിയും ഒരുക്കവും ഉണ്ടായിരിക്കുന്നത്.

## മനസ്താപപ്രകരണം

എന്റെ ദൈവമേ, ഏററം നല്ലവനും എല്ലാററിനും ഉപരിയായി സ്നേഹിക്കപ്പെടുവാൻ യോഗ്യനുമായ അങ്ങേക്കെതിരായി പാപം ചെയ്തുപോയതിനാൽ പൂർണ്ണഹൃദയത്തോടെ ഞാൻ മനസ്തപിക്കുകയും പാപങ്ങളെ വെറുക്കുകയും ചെയ്യുന്നു; അങ്ങയെ ഞാൻ സ്നേഹിക്കുന്നു. എന്റെ പാപങ്ങളാൽ എന്റെ ആത്മാവിനെ അശുദ്ധമാക്കിയതിനാലും,

സ്വർഗ്ഗത്തെ നഷ്ടപ്പെട്ടത്തി നരകത്തിനു അർഹനായി (അർഹയായി) തീർന്നതിനാലും ഞാൻ ഖേദിക്കുന്നു. അങ്ങയുടെ പ്രസാദവരസഹായത്താൽ പാപസാഹചര്യങ്ങളെ ഉപേക്ഷിക്കുമെന്നും, മേലിൽ പാപം ചെയ്കയില്ലെന്നും ദൃഢമായി ഞാൻ പ്രതിജ്ഞചെയ്യുന്നു. ഏതെങ്കിലുമൊരു പാപംചെയ്യുക എന്നതിനെക്കാൾ മരിക്കാനും ഞാൻ സന്നദ്ധനാ (സന്നദ്ധയാ) യിരിക്കുന്നു. ആമ്മേൻ.

## സംക്ഷിപ്തമനസ്താപ പ്രകരണം

എൻെറ ദൈവമേ, അങ്ങ് പരമനന്മയായിരിക്കയും പാപത്തെ വെറുക്കകയും ചെയ്യുന്നു; അതു കൊണ്ടു അങ്ങയെ ഞാൻ ദ്രോഹിച്ചുപോയതിനാൽ പൂർണ്ണഹൃദയത്തോടെ മനസ്തപിക്കുന്നു. എൻെറ മനസ്താപത്തെ വദ്ധിപ്പിക്കണമേ.

## കാരുണ്യപ്രവൃത്തികൾ പതിന്നാല്

### ശാരീരികങ്ങൾ ഏഴ്

1. വിശക്കുന്നവക്കു ഭക്ഷണം കൊടുക്കുന്നതു്.
2. ദാഹിക്കുന്നവക്കു കുടിക്കാൻ കൊടുക്കുന്നതു്.
3. വസ്ത്രമില്ലാത്തവക്കു വസ്ത്രം കൊടുക്കുന്നതു്.
4. പാപ്പിടമില്ലാത്തവക്കു പാപ്പിടം കൊടുക്കുന്നതു്.
5. രോഗികളേയും തടവുകാരേയും സന്ദർശിക്കുന്നതു്.
6. അവശരെ സഹായിക്കുന്നതു്.
7. മരിച്ചവരെ അടക്കുന്നതു്.

### ആദ്ധ്യാത്മികങ്ങൾ ഏഴ്

1. അറിവില്ലാത്തവരെ പഠിപ്പിക്കുന്നതു്
2. സംശയമുള്ളവരുടെ സംശയം തീർക്കുന്നതു്.
3. ദുഃഖിതരെ ആശ്വസിപ്പിക്കുന്നതു്.
4. തെററുചെയ്യുന്നവരെ തിരുത്തുന്നതു്.
5. ഉപദ്രവങ്ങൾ ക്ഷമിക്കുന്നതു്.
6. അന്യരുടെ കുറവുകൾ ക്ഷമയോടെ സഹിക്കുന്നതു്.
7. ജീവിച്ചിരിക്കുന്നവക്കും മരിച്ചവക്കും വേണ്ടി പ്രാർത്ഥിക്കുന്നതു്.

## മനുഷ്യൻെറ അന്ത്യങ്ങൾ നാല്

1. മരണം  2 വിധി
3. സ്വർഗ്ഗം  4. നരകം.

## STANDARD II.

Student's Name ..............................................................................

Parent's Name ..............................................................................

House Name ..............................................................................

Parish ..............................................................................

Diocese ..............................................................................

Remarks ..............................................................................

..............................................................................

..............................................................................

..............................................................................

..............................................................................

..............................................................................

Place ............................ Signature

Date ............................ CLASS TEACHER.

DHARMARAM LIBRARY
BANGALORE-560 029
**Reserved Book Slip**

| Subject | Expiry |
| --- | --- |
| pastoral course | 14 SEP 1981 |
| | 29 JAN 1995 |

# പിതാവിൻ പക്കലേക്കു് - 2



**P.O.C. PUBLICATIONS - 6**

K.G. Vasu